പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1 | എറണാകുളം 1970 ഏപ്രിൽ 12 ഞായർ | വില 35 സ.
ലക്കം 11

## ✱ ഈ ലക്കത്തിൽ ✱

✱ കുറിപ്പുകൾ

നിലമ്പൂർ
നാടകം

✱ കാഴ്ചപ്പാടുകൾ

ഇന്ത്യ, ഇസ്രായേൽ,
ഇസ്ലാം.

✱ ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

നഷ്ടപരിഹാരകാര്യത്തിൽ
തിരിച്ചുപോക്ക്

✱ എഴുതാപ്പുറം

✱ കത്തുകൾ

# 11

കുറിപ്പുകൾ

## നിലമ്പൂർ നാടകം

നിലമ്പൂരിൽ കോൺഗ്രസ്സിന്നൊരു സ്ഥാനാർത്ഥിയുണ്ടോ? ഈ ചോദ്യത്തിന്ന ഉത്തരം പറയാൻ വിഷമമായിരിക്കുന്നു. കേരളം ഭരിക്കുന്ന കുറുമുന്നണിക്കാർ നിലമ്പൂരിൽ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായ എം. പി. ഗംഗാധരന്ന പിന്തുണ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്നുള്ള കാരണവും കുറുമുന്നണിക്കാർ വ്യക്തമാക്കിയിരിക്കുന്നു.

സ്വതന്ത്ര സ്ഥാനാർത്ഥിയായ ഗംഗാധരൻ കുറുമുന്നണിക്കാരുടെ പിന്തുണ ആവശ്യപ്പെട്ടിട്ടുണ്ടത്രെ. മാത്രമല്ല താൻ ജയിക്കുകയാണെങ്കിൽ, കേരളം ഭരിക്കുന്ന കുറുമുന്നണി മന്ത്രിസഭയെ പിന്താങ്ങാമെന്നു ഗംഗാധരൻ ഉറപ്പു പറയുകയും ചെയ്തിട്ടുണ്ടെന്നു ഐക്യ കമ്മിററി പറയുന്നു. കേരളാകോൺഗ്രസ്സ് നേതാവും മന്ത്രിയുമായ കെ. എം. ജോർജ്ജ് ഒരു പടികൂടി കടത്തി വെട്ടിയിരിക്കുന്നു. കോൺഗ്രസ്സ് സ്ഥാനാർത്ഥിയെയല്ലാ നിലമ്പൂരിൽ ഐക്യകമ്മിററി പിന്താങ്ങുന്നതെന്നു അദ്ദേഹം വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. അച്യുതമേനോൻ മന്ത്രിസഭക്കു പിന്തുണ നൽകാമെന്നു ഗംഗാധരൻ രേഖാമൂലം സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം വെളിപ്പെടുത്തി.

ഐക്യകമ്മററിക്കാരും മന്ത്രി കെ. എം. ജോർജ്ജും നിലമ്പൂരിൽ മത്സരിക്കുന്ന ഗംഗാധരൻ സ്വതന്ത്രസ്ഥാനാർത്ഥിയാണെന്നു ഉറപ്പിച്ചു പറഞ്ഞിട്ടും ഇതേവരെ കോൺഗ്രസ് നേതാക്കളുടെ പ്രതികരണമൊന്നുമുണ്ടായിട്ടില്ല. കൊട്ടാരക്കരയിൽ കോൺഗ്രസ്സ് മത്സരിക്കുന്നതല്ലെങ്കിലും നിലമ്പൂരിൽ മത്സരിക്കും എന്നാണ് കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററിനേതാക്കൾ പറഞ്ഞിട്ടുള്ളത്. സ്വതന്ത്രസ്ഥാനാർത്ഥിയാണെന്നു കുറുമുന്നണിക്കാരും പറയുന്നു. ഗംഗാധരൻ മുമ്പ് കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുള്ളയാളാണെന്നറിയുന്നു. അദ്ദേഹം പിന്നീട് കോൺഗ്രസ്സിൽ നിന്നു രാജിവെച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ നിലമ്പൂരിലെ സ്ഥാനാർത്ഥിയെന്ന നിലയിൽ കുറുമുന്നണിക്കാരുടെ പിന്തുണ ലഭിക്കാൻ വേണ്ടി രാജി വെച്ചതാണോ?

ഒരുപക്ഷെ, കുറുമുന്നണിയുടെ പിന്തുണ നൽകണമെങ്കിൽ ഗംഗാധരനെ കോൺഗ്രസ്സിൽ നിന്നും രാജിവെപ്പിച്ച് സ്വതന്ത്രസ്ഥാനാർത്ഥിയാക്കണമെന്നു മുസ്ലിം ലീഗ് നേതാവ് ബാഫക്കിതങ്ങളും കൂട്ടുകാരും കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററി നേതാക്കളോട് ആജ്ഞാപിച്ചു കാണും. അതനുസരിച്ച് ഗംഗാധരൻ സ്വതന്ത്ര സ്ഥാനാർത്ഥിയാകുകയും ചെയ്തിട്ടുണ്ടാവും. അങ്ങിനെയാണെങ്കിൽ ഒരളവോളം ബാഫക്കിതങ്ങൾ വിജയിച്ചിട്ടുണ്ടെന്നു സമ്മതിക്കണം.

മുമ്പ് കെ പി. സി. സി. നേതൃത്വത്തിന്റെ നിർബ്ബന്ധം കാരണം മുസ്ലിം ലീഗ് നേതാവ് സി. എച്ച്. മുഹമ്മദുകോയക്കു പാർട്ടിയംഗത്വം രാജിവെക്കേണ്ടിവന്നതിന്നു ബാഫക്കിതങ്ങൾ പകരം വീട്ടിയിരിക്കയാണെന്നു കരുതാം. നിയമസഭാംഗമാകുന്നതിന്നു വേണ്ടിയാണല്ലോ ലീഗിന്റെ പ്രശസ്തനേതാവ് സി. എച്ച്. മുഹമ്മദുകോയക്കു തൊപ്പിയൂരേണ്ടിവന്നത്. വലിയ നേതാവൊന്നുമല്ലെങ്കിലും നിലമ്പൂരിൽ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിക്കുന്നതിന്നുവേണ്ടി ഗംഗാധരനെക്കൊണ്ട് ബാഫക്കിതങ്ങൾ ഖദറൂരിച്ചു കോൺഗ്രസ്സംഗത്വം രാജിവെപ്പിച്ചല്ലോ.

മുമ്പ് സി. എച്ച്. മുഹമ്മദ്കോയയെക്കൊണ്ട് രാജിവെപ്പിക്കുമ്പോൾ കെ. പി. സി. സി. യുടെ നേതാവ് സി. കെ. ഗോവിന്ദൻ നായരായിരുന്നു. അന്ന് കെ. പി. സി. സി. നേതൃത്വം പറഞ്ഞതനുസരിക്കുന്നതാണ് നല്ലതെന്ന് സി. കെ. യുടെ നാട്ടുകാരനായ തങ്ങൾക്കറിയാമായിരുന്നു. ഇന്നു തങ്ങളും എം. എന്നും.പറയുന്നതനു-

(ശേഷം 15-ാം പേജിൽ)

# എഴുതാപ്പുറം

സൌദി അറേബിയയുടെ അമ്പാസ്സഡർ ശൈഖ് അനസ്സ് യൂസഫ് യാസീനു കോഴിക്കോട്ട് വെച്ച് മുസ്ലീം ലീഗുകാർ സ്വീകരണം നൽകിയിരിക്കുന്നു. വലിയങ്ങാടിയിലെ സ്റ്റേററ് മുസ്ലീംലീഗ് ഓഫീസിൽവെച്ച് കോഴിക്കോട് സിററി മുസ്ലീംലീഗ് കമ്മററിയാണ് സ്വീകരണം നൽകിയത്. സംസ്ഥാന മുസ്ലിംലീഗ് പ്രസിഡൻറ് ബാഫക്കിതങ്ങളും സ്വീകരണ യോഗത്തിൽസംബന്ധിച്ചിരുന്നു.

ഒരു വിദേശ രാജ്യത്തിൻെറ അമ്പാസ്സഡറെ വിളിച്ചു വരുത്തി ഒരു രാഷ്ട്രീയകക്ഷി സ്വീകരണം നൽകുന്നത് എത്രത്തോളം ശരിയാണെന്നു അറിഞ്ഞുകൂടാ. പലപ്പോഴും രഷ്ട്രീയ കക്ഷിക്കാരുടെ സഹയാത്രകരെ ചേർത്തു് സാംസ്ക്കാരിക സംഘടനകളെന്ന പേരിലുണ്ടാക്കുന്ന സംഘടനകളാണ് വിദേശ അമ്പാസ്സിഡർമാർക്കു ഇവിടെ സ്വീകരണം നൽകിക്കാത്തത്. ഇന്തോ- അമേരിക്കൻ സാംസ്ക്കാരിക സംഘടനയെന്നോ, ഇന്തോ- സോവിയററ് കൽച്ചറൽ സൊസൈററിയുടെ (ഇസ്കസ്സ്) എന്നോ, ഇന്തോ- ജാപ്പാൻ സൌഹാർദ്ദ സംഘടനയെന്നോ ഒക്കെയുള്ള പേരിൽ വിദേശ പ്രചാരവേല ചെയ്യുന്ന സംഘടനകൾ ധാരാളം ഇവിടെയുണ്ട്. അതാത് വിദേശ രാജ്യവുമായി ബന്ധപ്പെട്ട അമ്പാസ്സഡർമാർ സംസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ ഈ സംഘടനകൾ സ്വീകരണങ്ങൾ കൊടുത്തതിൻെറ പടവും വാർത്തയും പത്രങ്ങളിൽ കാണാറുണ്ട്. ഇത്തരം സാംസ്ക്കരിക- സൌഹാർദ്ദ സംഘടനകളിലെ പ്രമാണിമാരുടെ മക്കൾക്കു വിദേശ രാജ്യത്ത് പഠിക്കാൻ സ്കോളർഷിപ്പ് കിട്ടുന്നതും പ്രമാണിമാർക്കു വിദേശപര്യടനത്തിനു ക്ഷണനവും വിദേശ സമ്മാനങ്ങളും കിട്ടുന്നതും അസാധാരണവുമല്ല. സ്വകാര്യമായുള്ള വിദേശ ബന്ധങ്ങൾ ഇങ്ങനെ സംസ്കാരത്തിൻേറയും സൌഹാർദ്ദത്തിൻേറയും പേരിൽ ചില സംഘടനകളുണ്ടാക്കി വിദേശ സ്ഥാനപതികൾക്ക് സ്വീകരണം നടത്താറുണ്ടെങ്കിലും ഒരു രാഷ്ട്രീയകക്ഷി വിദേശ രാജ്യത്തിൻെറ സ്ഥാനപതിയെ സ്വീകരിച്ചെഴുന്നള്ളിക്കുന്നത് പതിവില്ല.

പക്ഷെ മുസ്ലിം ലീഗ് യാതൊരു മറയും കൂടാതെ തന്നെ അത് ചെയ്തിരിക്കുന്നു. സൌദിഅറേബിയായിലെ ഫൈസൽരാജാവിൻെറ പ്രതിനിധി അത് സസന്തോഷം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പ്രസംഗം ഏപ്രിൽ 7-ാംനു- ചൊവ്വാഴ്ചയിലെ 'മാതൃഭൂമി'(കോഴിക്കോട്ടപതിപ്പ്) ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു. 'മുസ്ലിം ലീഗ് കേരളത്തിലെ മുസ്ലീമുകളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നു എന്നറിഞ്ഞു് അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു'. സൌദിരാജാവിൻെറ സ്ഥാനപതിയുടെ സന്തോഷത്തിൽ പങ്കുചേരാൻ നിവർത്തിയില്ലാത്ത പലരും ഇവിടെ കണ്ടേക്കും. മുസ്ലിം ലീഗ് കേരളത്തിലെ മുസ്ലീമുകളുടെ അഭിവൃദ്ധിക്കല്ലാ അധോഗതിക്കാണ് ഇടയാക്കുന്നതെന്നു ബലമായ അഭിപ്രായമുള്ളവർ കേരളത്തിൽ തന്നെയുണ്ട്. അതുകൊണ്ട് അമ്പാസഡർ ഇന്ത്യയിലെ അഭ്യന്തരകാര്യങ്ങളും കടന്നു് അഭ്യന്തരമായി ഒരു രാഷ്ട്രീയ കക്ഷിയുടെ പക്ഷം പിടിക്കാൻ കൂടി തയ്യാറായത് കടന്ന കയ്യായിപ്പോയി. അദ്ദേഹം അങ്ങിനെ പറയാൻ കാരണം മുസ്ലിം ലീഗിനെ ഇസ്ലാമിൻെറ പ്രതിനിധികളായിക്കാണുന്നതുകൊണ്ടായിരിക്കണം.

അമ്പാസ്സഡർ മുസ്ലീംലീഗുകാരോട് ഇസ്ലാമിനെപ്പററിയും മുസ്ലീമുകളുടെ കടമയെപ്പററിയുമെല്ലാം പ്രസംഗിക്കുന്നുണ്ട്. "ഇസ്ലാം മററുള്ളവർ കാണുന്നതിലപ്പുറം മററു പലതുമാണ്. അതൊരു ജീവിതരീതിയാണ്. ലോകത്തിലെ മുസ്ലീമുകളെ ഒന്നായി നയിക്കുക എന്ന പാഠമാണ് അതു് നൽകുന്നതു്. മുസ്ലീമുകൾക്കു ഇന്നു ഏററവും അധികം ആവശ്യമായിട്ടുള്ളതു് ഐക്യമാണ്. പഴയകാലത്തെ ശക്തിയും ചൈതന്യവും വീണ്ടെടുക്കുകയാണാവശ്യം." സൌദി അമ്പാസ്സഡറുടെ ഇസ്ലാം മതം മററു പലതുമായതാണല്ലോ കുഴപ്പം. ലോകത്തിലെ മുസ്ലീമുകളെ ഒന്നായി നയിക്കേണ്ടതു് ആരാണ്? ഫൈസൽ രാജാവാണോ? രാജ്യാതിർത്തികൾക്കപ്പുറം മുസ്ലീമുകൾ ഒന്നായി ഐക്യമുണ്ടാക്കണമെന്നല്ലേ സ്ഥാനപതി പറയുന്നതു്. പഴയകാലത്തെ ചൈതന്യവും ശക്തിയും വീണ്ടെടുക്കാൻ ലോകത്തിലെ മുസ്ലീം ജനതയുടെ ഐക്യം വേണമത്രെ. സ്ഥാനപതി ഇത് പറഞ്ഞപ്പോൾ ഒരു പക്ഷെ ഒരു കാര്യം ഓർത്തുകാണില്ല. പഴയകാലത്തെ ചൈതന്യവും ശക്തിയും നേടുന്നതിനു ലോകമെമ്പാടുമുള്ള യഹൂദർ ഐക്യത്തോടെ ശ്രമിക്കുന്നുണ്ടെന്നു് മററാരേയുംകാൾ അനസ്സ് യൂസഫ് സിനു അറിയുമായിരിക്കണമല്ലോ?

സൌദിസ്ഥാനപതി തുടർന്നു പറയുകയാണ്. ഫൈസൽ രാജാവ് മുസ്ലീമുകളുടെ ഐക്യത്തെപ്പററിസംസാരിച്ചപ്പോൾ "നാം പിന്തിരിപ്പന്മാരാണെന്ന ആക്ഷേപം വന്നു. നാം നമ്മുടെ നാഗരീകത വ്യാപിപ്പിച്ച പഴയ നല്ലകാലത്തിൻെറ പ്രാഭവം വീണ്ടെടുക്കുകയാണ് നമ്മുടെ ഉദ്ദേശം." ആരെല്ലാമാണ് 'നാ'മിലും 'നമ്മുടെ'യിലും പെടുന്നതെന്നു സൌദി അറേബിയൻ സ്ഥാനപതി വ്യക്തമാക്കിയിട്ടില്ല. നാം എന്നു പറയുന്നതിൽ അറബികളല്ലാതെ ഇന്ത്യയിലുള്ളവരും പെടുമോ? അതോ ഇന്ത്യാക്കാർ മുഴവനില്ലാ, ഇന്ത്യയിലെ തന്നെ മുസ്ലീമുകൾ മാത്രമേ പെടുകയുള്ളുവെന്നോ? സൌദി സ്ഥാനപതിയുടെ പ്രസംഗം തുടർന്നുവായിച്ചാൽ അദ്ദേഹം ഇന്ത്യയിലെ മുസ്ലീമുകളെത്തന്നെയുദ്ദേശിച്ചാണു പറയുന്നതെന്നു മനസ്സിലാക്കണം.

"സിറിയാറേറാവിനും നാറേറാവിനും ചേരിരഹിതരാജ്യങ്ങൾക്കും സെക്രട്ടേറിയററും മററും ആവാമെങ്കിൽ മുസ്ലീമുകൾക്ക് എന്തുകൊണ്ട് സെക്രട്ടേറിയററ് ആയിക്കൂടാ' സ്ഥാനപതി ചോദിക്കുകയാണ് ലോകമെമ്പാടുമുള്ള മുസ്ലീമുകളെ ഒരു രാഷ്ട്രമായിട്ടാണ് സ്ഥാനപതി കാണുന്നതു് എന്നു വ്യക്തമല്ലേ. ഇന്ത്യയിലെ മുസ്ലീമുകൾക്കുവേണ്ടി ഈ മുസ്ലീം സെക്രേട്ടറിയററ് ഇനി കൽപ്പനകൾ പുറപ്പെടുവിക്കുകയില്ലെന്നും മുസ്ലിംലീഗ് അതനുസരിച്ചു പ്രവർത്തിക്കുകയില്ലെന്നും ആരറിഞ്ഞു?

ലോകത്തിലെ വെല്ലുവിളി നേരിടാൻ യഥാർത്ഥ ഇസ്ലാമിനെ മുറുകെ പിടിച്ചുകൊണ്ട് ഒത്തൊരുമിച്ചു നിൽക്കാൻ സൌദി അറേബിയായിലെ മുസ്ലീമുകൾ ദൃഢനിശ്ചയം ചെയ്തിട്ടുണ്ടെന്നാണ് സ്ഥാനപതിയാസിൻ പറയുന്നത്. ഇസ്ലാമിനെ മുറുകെ പിടിക്കലാണ് വെല്ലുവിളി നേരിടാൻ യാസീൻ കണ്ടെത്തിയിട്ടുള്ള ഏക ആയുധം. അദ്ദേഹം അതിനു തക്ക കാരണങ്ങളും കണ്ടെത്തിയിരിക്കുന്നു. തിരൂരങ്ങാടിയതിംഖാനയുടെ രജതജൂബിലിയാഘോഷത്തിൽ പങ്കെടുത്തുകൊണ്ട് സ്ഥാനാപതി യാസീൻ ചെയ്ത പ്രസംഗത്തിൽ പറയുന്നു. 'ഇസ്ലാംലോകത്തിനു നാഗരികതയും സംസ്കാരവും ശാസ്ത്രവിജ്ഞാനവും നൽകുകയുണ്ടായി. ഏഷ്യക്കും ആഫ്രിക്കക്കും അത് വെളിച്ചംനൽകി. നാം ലോകത്തിനു നൽകിയ ദീപശിഖ ഇന്നു മങ്ങിയിരിക്കുകയാണ്. നാം ഇപ്പോൾ ഇസ്ലാമിൻെറ ആത്മീയ ചൈതന്യത്തിൽനിന്നു അകന്നിരിക്കുന്നതാണ് അതിനു കാരണം. ഇസ്ലാമിലൂടെ തന്നെ നമുക്ക് വീണ്ടും ആ ദിപ ശിഖ തെളിയിക്കാമെന്നു അദ്ദേഹം തുടർന്നു പറഞ്ഞുവെന്നാണ് റിപ്പോർട്ട്. (ശേഷം 15ാം പേജിൽ)

## കാഴ്ചപ്പാടുകൾ

# ഇന്ത്യ, ഇസ്രായേൽ, ഇസ്ലാം

**രാജൻ**

പള്ളിക്ക തീ പിടിക്കുന്നതാണ് പള്ളിക്കൂടത്തിലെ കുട്ടികൾ തല തകർന്നു മരിക്കുന്നതിനെക്കാൾ പ്രധാന കാര്യമെന്നു നിങ്ങൾ കരുതുന്നുണ്ടോ? എന്താണിപ്പോൾ ഇങ്ങനെയൊരു ചോദ്യം എന്നായിരിക്കും നിങ്ങളുടെ ഉത്തരം. എന്നാൽ ഈ ചോദ്യവും അതിൻെറ ഉത്തരവും ഇന്ത്യയുടെ വിദേശ നയവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

പള്ളിക്കൂടത്തിൽ പോയ മുപ്പതു് പിഞ്ചുകുഞ്ഞുങ്ങളെ ഇസ്രയേലിൻെറ യുദ്ധവിമാനങ്ങൾ ബോംബിട്ടുകൊണ്ടിരിക്കുകയാണ്. ഈജിപ്റ്റിൽ നൈൽ നദീതടത്തിലെ ഷാഹിയാ ഗ്രാമത്തിൽ ബഹർ എൽ ബക്കർ എന്ന സ്ഥലത്തെ പ്രൈമറി സ്കൂളാണ് ഇസ്രായേലിൻെറ ആക്രമണത്തിനു ഇരയായതു്. മുപ്പതു് കുട്ടികൾ തൽക്ഷണം മരിച്ചു. അനേകം കുഞ്ഞുങ്ങൾ തല തകർന്നു ആസ്പത്രിയിൽ കിടപ്പാണ്. പക്ഷെ ഇവിടെ ഇതൊന്നും ഒരു ചലനവുമുണ്ടാക്കുന്നില്ല. ഏതെങ്കിലും ഭ്രാന്തൻ അൽ അക്സാപള്ളി കത്തിക്കുന്നതാണ് ഇന്ത്യയിൽ ആളുകൾക്കും ഗവർമ്മെണ്ടിനും കോലാഹലത്തിനു കാരണമാകുന്നതു്.

ഇന്ത്യയുടെ പശ്ചിമേഷ്യൻനയത്തിൻെറ അടിസ്ഥാന പരമായ തകരാറ് ഈ രണ്ടു് സംഭവങ്ങളോടുമുള്ള പ്രതികരണത്തിൽ നിന്നു കാണാം. മുസ്ലീമുകളുടെ പുണ്യസ്ഥലമായ അൽ അക്സാപള്ളിയുടെ ഏതോ മൂലക്കു് ഒരു മാനസിക രോഗി തീ വെച്ചപ്പോഴേക്കും ഇന്ത്യാഗവർമ്മെണ്ടിൻെറ ധാർമ്മികരോഷം പിടഞ്ഞു തെറിച്ചു. ഇന്ത്യയൊട്ടാകെ ഇന്ത്യക്കാരായ മുസ്ലീമുകൾ പ്രകടനങ്ങൾ നടത്തി, 'മുസ്ലീമുകളെ തൊട്ടുകളിച്ചാൽ' എന്നു വാളിളക്കികൊണ്ടു് താക്കീതു് നൽകി. ഇന്ത്യയിൽ തന്നെ വർഗ്ഗീയ വികാരം ഇളക്കിവിടാനും നിഷ്കളങ്കരായവരുടെ രക്തം ചീന്താനും കുറയൊക്കെ കാരണമായതു് എങ്ങാണ്ടോ കിടക്കുന്ന അൽ അക്സാപള്ളിക്കു് തീ വെച്ചതാണ്.

ഈ കോലാഹലങ്ങളൊക്കെ നടത്തിയിട്ടും ഇസ്രായേൽ ഈജിപ്റ്റിനു നേരെ ആക്രമണം തുടരുകയാണ്. ക്രൂരമായ ആക്രമപരമ്പരകളിൽ ഏററവും ഒടുവിൽ നടന്നതാണ് പ്രൈമറിസ്കൂളിലെ വിദ്യാർത്ഥികളെ ചുട്ടുകൊന്നതു്. അതിവിടെയൊരു കോലാഹലവും ഉണ്ടാക്കാൻ പോകുന്നില്ല. യുദ്ധത്തിലെ സാധാരണ സംഭവം മാത്രമായി എണ്ണപ്പെടാൻ പോവുകയാണു്. ഇസ്രായേലിൻെറ ക്രൂരതക്കെതിരായി അമേരിക്കയുടെ നേതാക്കൾ തൊലിപ്പുറമേയുള്ള പ്രതിഷേധമെങ്കിലും പ്രകടിപ്പിച്ചിട്ടുണ്ടു്. ഇന്ത്യാഗവർമ്മെണ്ടിൻെറ വിദേശ വകുപ്പു് അതും ചെയ്യുമോ എന്നു സംശയമാണ്. അൽ അക്സാപള്ളി സംഭവത്തിൻെറ കാര്യത്തിലും പള്ളിക്കൂടത്തിലെ കുട്ടികളെ ചുട്ടുകൊന്ന കാര്യത്തിലും ഉണ്ടായ വ്യത്യസ്ത പ്രതികരണങ്ങൾ ഇന്ത്യയുടെ പശ്ചിമേഷ്യാ നയത്തിൻെറ അടിസ്ഥാന തകരാറുകളെയാണ് സൂചിപ്പിക്കുന്നതു്.

## ഇസ്രായേലിൻെറ ജനനം

എന്താണ് ഇസ്രായേൽ –അറബിസംഘട്ടനങ്ങൾക്കു് അടിസ്ഥാനം? യഥാർത്ഥ പ്രശ്നം ഐക്യരാഷ്ട്ര സഭയിൽ പോലും ചർച്ച ചെയ്യപ്പെട്ടു കേൾക്കുന്നില്ല. പ്രസിദ്ധ ചരിത്രകാരനും അറബി പണ്ഡിതനുമായ പ്രൊഫസർ എൻ. എ ഫാരിസ്സും ചെയ്ത ഒരു പ്രസംഗത്തിൽ യഥാർത്ഥപ്രശ്നം എന്താണെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പ്രസംഗത്തിൻെറ റിപ്പോർട്ടു് ഭാരതീയ പണ്ഡിതനായ പ്രൊഫസർ എ. എ. എ. ഫൈസി ഇന്ത്യയിലെ അറബ് ലീഗ് പ്രതിനിധി കാര്യാലയത്തിനു അയച്ചുകൊടുത്തിരുന്നു. അറബ് ലീഗിൻെറ 'അൽ അറബ്', എന്ന മാസികയിൽ പ്രസംഗറിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഇസ്രായേലും അറബി രാജ്യങ്ങളുംതമ്മിൽ ഇപ്പോൾ നടക്കുന്ന സംഘട്ടനങ്ങൾക്കു കാരണം അക്കാബാ ഉൾക്കടലിൻെറ പ്രശ്നമോ സൂയസ് കനാൽ പ്രശ്നമോ അല്ല. ഇതെല്ലാം അപ്രധാന പ്രശ്നങ്ങളാണ്. 1956 ൽ സൂയസ് കനാൽ ദേശസാൽക്കരിക്കുക മാത്രമാണ് ഇസ്രായേൽ ചെയ്തതു്. നാസ്സറിൻെറ നയവൈകല്യങ്ങളുമല്ല സംഘട്ടനങ്ങൾക്കു കാരണം. പാലസ്തീൻ അഭയാർത്ഥികളുടെ പ്രശ്നം പോലും അപ്രധാനമാണ്.

യഥാർത്ഥ പ്രശ്നം 'സിയോണിസ'മാണ്. ലോകമെമ്പാടുമുള്ള യഹൂദർ ഒരു രാഷ്ട്രമാണെന്ന ചിന്തയാണ്. യഹൂദ രാഷ്ട്രവാദവും വാദംകൊണ്ടു് നടക്കുന്നവരുടെ ലക്ഷ്യങ്ങളുമാണ് കാതലായ പ്രശ്നം. യൂറോപ്പിലെ ക്രൈസ്തവർ നിരന്തരമായി യഹൂദരെ പീഡിപ്പിച്ചതാണ് 'സിയോണിസ' ത്തിനു അല്ലെങ്കിൽ യഹൂദ രാഷ്ട്രവാദത്തിനു ഇടയാക്കിയതു്. പത്തൊമ്പതാം നൂററാണ്ടിൽ ഇതു് ഉൽഭവിച്ചു. 1862 ൽ മോസസ്സ് ഹെസ്സ് 'റോമും ജറുസലവും' എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തിയതോടെയാണ് യഹൂദ രാഷ്ട്രവാദത്തിനു ഒരു സിദ്ധാന്തത്തിൻെറ രൂപം നൽകപ്പെട്ടതു്. പിന്നീടു് ഈ വാദത്തിൻെറ പിന്തുടർച്ചക്കാരായി കുറെ യഹൂദന്മാർ കൂടി മുമ്പോട്ടുവന്നു. യൂറോപ്പിലെ യഹൂദ പീഡനത്തിനു പരിഹാരം കാണുകയായിരുന്നു ഇവരുടെ മുഖ്യലക്ഷ്യം. പ്രൊഫസർ ഫാരിസ്സ് പറയുന്നു. "നല്ല ബുദ്ധിയുള്ളവരാരും യഹൂദ ദ്രോഹത്തെയനുകൂലിക്കുകയില്ല. പക്ഷെ, യഹൂദ ദ്രോഹവുമായി ഒരു ബന്ധവുമില്ലാത്ത നിഷ്കളങ്കരായ ഒരു ജനതയുടെ മേൽ അതു് കെട്ടിവെക്കണമെന്നും നല്ല ബുദ്ധിയുള്ളവരാരും പറയുകയില്ല."

വ്യക്തിപരമായ സ്വാതന്ത്ര്യത്തിനു വേണ്ടി ദാഹിച്ച യൂറോപ്പുകാരായ യഹൂദരുടെ ചിന്തകൾ അവസാനം ഒരു രാഷ്ട്രീയ പരിപാടിയായി മാറി. 1897 ൽ യഹൂദ രാഷ്ട്രവാദികളുടെ ആദ്യത്തെ സമ്മേളനം നടന്നു. അറബികളെ അവരുടെ നാടായ പാലസ്തീനിൽ നിന്നു് ഇറക്കി വിട്ടു പാലസ്തീൻ കൈവശപ്പെടുത്താനുള്ള പരിപാടി അവിടെയാണ് ആരംഭിച്ചതു്. ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ താല്പര്യങ്ങൾ യഹൂദ രാഷ്ട്രവാദത്തെ പ്രോത്സാഹിപ്പിച്ചു. അങ്ങിനെയാണ് 1917 നവമ്പർ 2 നു യഹൂദ രാഷ്ട്രവാദികളുടെ അടിസ്ഥാന പ്രമാണമായ ബാൽഫൂർ പ്രഖ്യാപനമുണ്ടാകുന്നതു്. ബാൽഫൂർ പ്രഖ്യാപനത്തിൽ, ബ്രിട്ടൺ നൽകിയ ഉറപ്പു് പാലസ്തീനിൽ നിന്നു അറബികളെഴിച്ചു് യഹൂദന്മാർക്കു ദേശീയ ആസ്ഥാനം നൽകിക്കൊള്ളണമെന്നായിരുന്നു. അന്നു് പാലസ്തീൻ ബ്രിട്ടൻെറ കൈവശത്തിൽ പോലും ആയിരുന്നില്ല.

പിന്നീടു് ഒളിഞ്ഞും തെളിഞ്ഞും ബ്രിട്ടീഷ്കാരുടെ പിന്തുണയോടുകൂടി പാലസ്തീനിൽ നിന്നു അറബികളെ പുറത്താക്കാനുള്ള കുതന്ത്രങ്ങളും ആക്രമണങ്ങളും ആരംഭിച്ചു. അറബികൾ ഇതെല്ലാം കഴിയാവുന്ന വിധം ചെറുത്തുകൊണ്ടിരുന്നു ബ്രിട്ടീഷ്കാരുടേയും യഹൂദ രാഷ്ട്രവാ

ദികളുടേയും കൂട്ടുകെട്ടിൽ നടക്കുന്ന കുതന്ത്രങ്ങൾക്കെതിരെ അറബികൾ ചെറുത്തുനില്പ് നടത്തിയതിന്റെ ഫലമായി 1920 മുതൽ 1939 വരെ സംഘട്ടനങ്ങൾ തുടർച്ചയായി നടന്നിട്ടുണ്ടെന്നതാണ് ചരിത്രവസ്തുത. സംഘട്ടനങ്ങൾ തുടർന്നു വന്നതല്ലാതെ പ്രശ്നത്തിനു പരിഹാരമൊന്നുമുണ്ടായില്ല.

രണ്ടാം ലോകമഹായുദ്ധവും ഹിററ്ലറുടെ യഹൂദപീഡനവും ഭൂമിശാസ്ത്രപരമായും തന്ത്രപരമായും ചിലമാററങ്ങളൊക്കെയുണ്ടാക്കി. യഹൂദരാഷ്ട്രവാദികളുടെ പ്രവർത്തന കേന്ദ്രം യൂറോപ്പ് വിട്ട് അമേരിക്കയായി. അമേരിക്കയിലെ യഹൂദന്മാരുടെ നേതൃത്വം യഹൂദരാഷ്ട്രവാദികൾ കയ്യടക്കി. ഇവരുടെ സന്ദർഭത്തിൽ 1942 ൽ ബാൾടിമൂർ സമ്മേളനം നടന്നു. പാലസ്തീൻ യഹൂദ രാഷ്ട്രവും ശക്തിപ്രാപിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഐക്യരാഷ്ട്രസഭക്കു നേരിടേണ്ടി വന്ന മുഖ്യപ്രശ്നമാണ് പാലസ്തീൻ പ്രശ്നം.

## പാലസ്തീൻ വിഭജനം

പാലസ്തീൻവിഭജിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചു. ആയവസരത്തിൽ പാലസ്തീനിലെ ജനതയുടെ 66 ശതമാനവും അറബികളായിരുന്നു. ബാക്കി യഹൂദ രാഷ്ട്രവാദികളും. ഇത് 1947 ലെ സ്ഥിതിയാണ്. 1920 ൽ പാലസ്തീനിൽ യഹൂദർ 10 ശതമാനമേ ഉണ്ടായിരുന്നുള്ളു എന്നും ഓർക്കണം. ബാൽഫൂർ പ്രഖ്യാപനം തന്നെ സമ്മതിക്കുന്നത് ബാക്കിയുള്ളവർ യഹൂദരല്ലാത്തവരാണെന്നാണ്. അതായത് തൊണ്ണൂറു ശതമാനവും അറബികളായിരുന്നുവെന്ന് 1947ൽ 66 ശതമാനം വരുന്ന അറബികൾക്ക് പാലസ്തീന്റെ 43 ശതമാനം സ്ഥലമാണ് നൽകിയത്. 33 ശതമാനം വരുന്ന യഹൂദർക്കാകട്ടെ 56 ശതമാനംസ്ഥലവും. നിയമപ്രകാരം യഹൂദർക്കു 6ശതമാനം സ്ഥലം മാത്രമാണ് കൈവശത്തിലുണ്ടായിരുന്നത്. ഐക്യരാഷ്ട്രസഭയുടെ വിഭജന വ്യവസ്ഥകളനുസരിച്ച് യഹൂദ രാഷ്ട്രത്തിൽ 4,93,000 യഹൂദരും 4 97000 അറബികളുമാണ് ഉണ്ടായിരുന്നത്-. ആയിരം യഹൂദന്മാർ മാത്രം അധികം.

പാലസ്തീനിന്റെ അറബിരാഷ്ട്രത്തിൽ 7,24000അറബികളും 10,000യഹൂദരുമുണ്ടാകുമെന്നായിരുന്നു കണക്ക്. വിഭജനം കഴിഞ്ഞതോടുകൂടി ബാക്കിസ്ഥലത്തുനിന്നും അറബികളെ ഓടിക്കാൻ തീവ്രശ്രമം തുടങ്ങി.

,1943 മെ 15നു- ഇസ്രായേൽ രാഷ്ട്രം ജന്മം എടുക്കും മുമ്പേതന്നെ പാലസ്തീനിൽ നിന്നു 3,50000 അഭയാർത്ഥികൾ കൂട്ടത്തോടെ വന്നെത്തിയെന്നാണ് ബെയ്റൂട്ടിലെ അമേരിക്കൻ സർവ്വ കലാശാലയിൽ നിന്നു നാം കേൾക്കുന്നത്" ഐക്യരാഷ്ട്ര സഭ നേരിട്ട് വിഭജനം നടപ്പാക്കി തുടങ്ങിയപ്പോഴേക്കും 9,03,300 അഭയാർത്ഥികൾ ഉണ്ടായിക്കഴിഞ്ഞു.

യൂറോപ്പിലെ മതപരവും വർഗ്ഗീയവുമായ ചിന്താഗതികൾ യഹൂദരെ കഠിനമായി പീഡിപ്പിച്ചിട്ടുണ്ടെന്നതു് ശരിതന്നെ. ഹിററ്ലർ അത് അതിക്രൂരമായിത്തന്നെ ചെയ്തു. പക്ഷെ യഹൂദ രാഷ്ട്രവാദം ഹിററ്ലർക്കു മുമ്പേ തുടങ്ങിയതാണ്. പക്ഷെ യഹൂദർ യൂറോപ്പിൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനു പരിഹാരം കാണുന്നതു് പാലസ്തീനിലെ അറബികളെ പീഡിപ്പിച്ചിട്ടാണോ? അതുകൊണ്ടുമവസാനിപ്പിക്കാതെ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് യഹൂദ പുരാണങ്ങളിൽ എഴുതിവെച്ച എന്തിനെയോ അടിസ്ഥാനമാക്കി കേവലം മതപരവും വർഗ്ഗീയവുമായ ചിന്തയിൽ ഭ്രാന്തിളകി അറേബിയ മുഴവൻ കൈവശപ്പെടുത്താൻ ഇസ്രയേലും അവർക്കു പിന്തുണ നൽകുന്നവരായി ലോകത്തിൽ പല രാജ്യങ്ങളിലും താമസിക്കുന്ന യഹൂദ രാഷ്ട്രവാദികളും ഒരുമ്പെട്ടിറങ്ങിയിരിക്കുന്നു.

ഇസ്രായേലിന്റെ നേതാക്കൾ ഒരിക്കലും യഹൂദ രാഷ്ട്രവാദവുമായി കൂടികുഴഞ്ഞു കിടക്കുന്ന മതസാമ്രാജ്യത്വത്തെ മാച്ചുപിടിച്ചില്ല. ഇസ്രായേലും അറബികളുമായുള്ള സംഘട്ടനത്തിന്റെ പിന്നിൽ ഇസ്രായേലിന്റെ വികസന മോഹവും ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. "നിലവിലുള്ള സ്ഥിതി തുടർന്നു പോയതു് കൊണ്ട് മാത്രമല്ലാ" ബെൻഗൂരിയൻ പറഞ്ഞു. "വികസിക്കാൻ ഉറച്ച തീരുമാനമെടുത്ത ഒരു ഊർജ്ജസ്വല രാഷ്ട്രം നാം സ്ഥാപിച്ചു കഴിഞ്ഞു." (ഡെസ്റ്റിനി ആൻറ് റിബാർത്ത് ജാഫ് ഇസ്രായേൽ എന്നപുസ്തകത്തിൽ ബെൽഗൂരിയൻ—തബിത പെട്രൻ ഉദ്ധരിച്ചതു) ഇസ്രായേലിന്റെ പ്രധാന മന്ത്രിയായിരുന്ന ബെൻ ഗൂരിയൻ പറഞ്ഞത് പോലെ തന്നെ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഓരോതവണയും ആക്രമിച്ചു കീഴടക്കിയ സ്ഥലങ്ങൾ ഇസ്രായേൽകൈവശത്തിൽ വെക്കുകമാത്രമല്ലാ അറബികളെ പീഡിപ്പിച്ച് പുറത്ത് ചാടിക്കുകയും ചെയ്തിട്ടുണ്ട്.

അതിർത്തികൾ നിർണ്ണയിച്ചിട്ടില്ലാത്ത ഏകരാജ്യമാണ് ഇസ്രായേൽ. പാലസ്തീൻ വിഭജിച്ചു കിട്ടിയ സ്ഥലത്ത്നിന്നു നാലു ഭാഗത്തേക്കും വികസിച്ചും വികസിപ്പിച്ചും കൊണ്ടിരിക്കുകയാണ്. ല്പോകത്തിലെവിടേയുമുള്ള യഹൂദൻ ഇസ്രായേലിന്റെ അധീനത്തിലുള്ള മണ്ണിൽ കാലുകുത്തിയാൽ ആ നിമിഷം ഇസ്രായേൽകാരനാകണമെന്നാണ് ചട്ടം. ഇസ്രായേലിൽ താമസിക്കുന്ന യഹൂദന്മാരേക്കാൾ കൂടുതൽ യഹൂദർ അമേരിക്കയിൽ തന്നെയുണ്ട്. ഇവരിൽ പ്രബലരായ യഹൂദ രാഷ്ട്രവാദികളുടെ സമ്മർദ്ദമാണ് അമേരിക്കൻ ഗവർമ്മെണ്ടിന്റെ പശ്ചിമേഷ്യാ നയത്തെ സ്വാധീനിക്കുന്നതും പ്രചരണോപാധികളായ പത്രങ്ങളും ടെലിവിഷനും ഇവർ നിയന്ത്രിക്കുന്നു. അതിനും പുറമെ ബാങ്കിങ്ങ്രംഗത്തും മററു രംഗങ്ങളിലും അമേരിക്കയുടെ സമ്പദ് വ്യവസ്ഥയിൽതന്നെ നിർണ്ണായകമായ സ്ഥാനമാണ് യഹൂദ രാഷ്ട്രവാദികൾക്കുള്ളതു്. അവരുടെ സമ്മർദ്ദത്തിന്റെ ഫലമായി ഇസ്രായേലിനു ഫാൻറം യുദ്ധവിമാനങ്ങൾ നൽകാൻ അമേരിക്കൻ പ്രസിഡൻറ് നിക്സൺ തയ്യാറെടുത്തുകഴിഞ്ഞു.

ഇതിലും വിചിത്രമായ മറെറാരു സമ്പ്രദായവും കൂടി അമേരിക്കയിലെ യഹൂദരുടെ സമ്മർദ്ദതന്ത്രങ്ങളും സാമ്രാജ്യത്വതാൽപ്പര്യങ്ങളും ചേർന്നു സൃഷ്ടിച്ചെടുത്തിട്ടുണ്ട്. അമേരിക്കൻ പൗരനായ ഏതൊരു യഹൂദനുംപൗരത്വം നഷ്ടപ്പെടാതെ തന്നെ ഇസ്രായേലിന്റെ സൈന്യത്തിൽച്ചേർന്നു യുദ്ധം ചെയ്യാവുന്നതാണ്. നവീനരീതിയിൽ സങ്കീർണ്ണമായ യന്ത്രജാലങ്ങളുള്ള യുദ്ധോപകരണങ്ങളും വിമാനങ്ങളും ഉപയോഗിക്കുന്നതിനു ദീർഘകാലത്തെ പരിശീലനം ആവശ്യമാണെന്നിരിക്കെ, ഈ സമ്പ്രദായം ഇസ്രായേലിനെ സഹായിക്കാൻ വേണ്ടിയാണെന്നു വ്യക്തമാണല്ലോ. വിയററ്നാമിൽ നിന്നു തിരിച്ചുപോരേണ്ടി വരുന്ന യഹൂദനായ അമേരിക്കൻ വൈമാനികൻ നേരെ ഇസ്രായേലിന്റെ സൈന്യത്തിൽ സേവനമനുഷ്ഠിക്കാൻ ചെല്ലും. അറബികൾക്കെതിരെ വിമാനാക്രമണം നയിക്കും. അറബികൾ പരാജയപ്പെടും. ഇസ്രായേലാകുന്ന കൊച്ചു രാജ്യം അറബികളെ മുഴവൻ തകർത്തതിന്റെ വീരകഥകൾ വരാനും തുടങ്ങും. യഥാർഥത്തിൽ ആധുനിക ആയുധങ്ങളും വിമാനങ്ങളും ഉപയോഗിക്കാൻ പരിശീലനം നേടുന്നതിനു സാധിച്ചിട്ടില്ലാത്ത അറബികളെ അമേരിക്ക നിർലോഭം നൽകുന്ന ആയുധങ്ങളും വിമാനങ്ങളും ഉപയോ

(ശേഷം 13-ാം പേജിൽ)

## കത്തുകൾ

### മാർക്സിസ്റ്റുകാർ യാഥാർത്ഥ്യം കാണണം

ഇന്ത്യയിൽ സമാധാനപരമായ ഒരു സാമൂഹ്യ വിപ്ലവത്തിന്റെ ശക്തിയേറിയ മുന്നേററം ആരംഭിച്ചിരിക്കുന്നു. സാമൂഹ്യ-സംമ്പത്തിക നീതിയ്ക്കു വേണ്ടി, ജനതയുടെ പിന്നോക്കാവസ്ഥ ദൂരീകരിക്കാൻ വേണ്ടി അഴിച്ചുവിട്ട ഈ വിപ്ലവത്തിൽ എല്ലാ ഇടതുപക്ഷ കക്ഷികളും സോഷ്യലിസ്റ്റ് മുന്നണി ഉണ്ടാക്കി ഒററക്കെട്ടായി നീങ്ങേണ്ടിരിക്കുന്നു. എല്ലാ അസമത്വങ്ങളും നീക്കി ജനതയുടെ ജീവിതനിലവാരം ഉയർത്താൻ വെമ്പുന്ന ഈ നിർണ്ണായക ഘട്ടത്തിൽ നിന്നു് ഒരു ഇടതുപക്ഷ കക്ഷിയ്ക്കും പിന്മാറാൻ സാദ്ധ്യമല്ല. അങ്ങനെ ഏതെങ്കിലും കക്ഷി ഒരുമ്പെടുന്ന പക്ഷം അതു ജന വിരുദ്ധമായിരിക്കും. അവസരവാദമായിരിക്കും.

കോൺഗ്രസ്സ്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്), ആർ. എസ്. പി., പി. എസ്. പി, തുടങ്ങിയ ഇടതുപക്ഷ ശക്തികൾ ചില്ലറ അഭിപ്രായ വ്യത്യാസങ്ങൾ മാററി വെച്ച് ലക്ഷ്യബോധത്തോടെ ഒരേഅണിയിൽ വരണം. ഏറെ സാമാന്യ ജനങ്ങളേയും കുറയൊക്കെ ഇടത്തരക്കാരേയും ഉൾക്കൊള്ളുന്ന ഈ ശക്തികൾ ചൂഷണവും മർദ്ദനവും സാമ്പത്തിക കേന്ദ്രീകരണവും തൊഴിലാക്കി സ്വീകരിച്ചിരിക്കുന്ന സാമൂഹ്യ വിരുദ്ധന്മാർക്കും പ്രതിലോമ ശക്തികൾക്കും എതിരായി പ്രവർത്തനരംഗത്തു വരണം. പുരോഗതിയ്ക്കു തടസ്സമായി നിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുരുമ്പിച്ച ജാതിമതചിന്തകളും തച്ചുടക്കാൻ പ്രചരണം നടത്തുകയും വേണം. സിൻഡിക്കേററ്, സ്വതന്ത്രാ, ജനസംഘം കൂട്ടുകെട്ടിനു് കനത്തപ്രഹരം നല്കാൻ ഇത്തരം മുന്നണിയ്ക്കു കഴിയുകയും ചെയ്യും. ഫ്യൂഡലിസം, കുത്തകമുതലാളിത്തം, സാമ്രാജ്യത്വം തുടങ്ങിയവയെ എതിർക്കാനും ഈ ദേശീയ ജനാധിപത്യ മുന്നണിയ്ക്കു കഴിയും.

ദൗർഭാഗ്യമെന്നുപറയട്ടെ, ഇടതുപക്ഷ കക്ഷികൾ ഇന്നു്, തമ്മിൽ കലഹിക്കുന്നു. വലതു പക്ഷ കക്ഷികൾ മുതലെടുക്കുന്നു. തന്ത്രപരമായ നീക്കങ്ങൾ വഴി ഇടതുപക്ഷകക്ഷികളെ ഭിന്നിപ്പിക്കുകയും ശിഥിലീകരണചിന്തകൾ വളർത്തിയെടുക്കുകയും നുഴഞ്ഞുകയററം വഴി ചിന്താക്കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നു. അറിഞ്ഞോ അറിയാതെയോ ചില ഇടതു പക്ഷ കക്ഷികൾ ഈ സാമൂഹ്യ വിരുദ്ധന്മാരുടെ കെണിയിൽ വീഴുന്നു. പിന്തിരിപ്പൻശക്തികളുടെ ശബ്ദം ചില ഇടതു പക്ഷ കക്ഷി നേതാക്കന്മാരിൽ നിന്നും കേൾക്കാം. ഏതായാലും ഇവയൊക്കെ പുരോഗമനശക്തികളിൽ അസ്വസ്ഥതയും വേദനയുമുണ്ടാക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല.

ഈ ഇടതു പക്ഷ കക്ഷികളുടെ മുന്നണിയെപ്പററി 'നർണ്ണയം' ഉറക്കെ ചിന്തിക്കുന്നതിൽ സന്തോഷിക്കുന്നു. പക്ഷെ മററെല്ലാ കക്ഷികളേക്കാളും കൂടുതൽ ആഢ്യത്വവും ദിവ്യതയും മാർക്സിസ്റ്റു പാർട്ടിക്കു നൽകിക്കൊണ്ടും യൂത്ത് കോൺഗ്രസ്സിനേയും കെ. എസ്. യു. വിനെയും താഴ്ത്തിക്കെട്ടിക്കൊണ്ടും 'നിർണ്ണയം' കളരി മാറി ചിന്തിക്കുന്നതു് യുക്തിരഹിതവും സങ്കുചിതവുമായ ഒരു കാഴ്ചപ്പാടു കൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു. നിലവിലുള്ള രാഷ്ട്രീയ സംഭവങ്ങളെ യുക്തിയുടെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ സമീപിച്ച് പഠനത്തിനു വിഷയമാക്കണം. അപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനങ്ങളോടുള്ള വ്യത്യസ്ത സമീപന മാർഗങ്ങളും പ്രശ്നങ്ങളെ നേരിടുന്നതിലുള്ള തികഞ്ഞ പാപ്പരത്തവും ഒക്കെ വെളിവാകും.

ഒരു ഇടതുപക്ഷ കക്ഷിയായ മാർക്സിസ്റ്റ് പാർട്ടി പുരോഗമന സ്വഭാവമുള്ള സാമൂഹ്യ ലക്ഷ്യമുള്ള രാഷ്ട്രീയ പാർട്ടിയാണ്. പുരോഗമനസ്വഭാവം പ്രകടിപ്പിക്കുന്നതിനേക്കാൾ കവിഞ്ഞു് പ്രവർത്തനത്തിൽ എത്രമാത്രം കൊണ്ടുവന്നിട്ടുണ്ട്, പ്രായോഗികമായി എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്നൊക്കെ ജനങ്ങൾ അനുഭവത്തിൽ കൂടി നോക്കും. 1967-ലെ തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് പ്രതീക്ഷിക്കാത്ത വിജയം കിട്ടി. സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ആ പാർട്ടിയിൽ ഉണ്ടായി. മുഖ്യമന്ത്രി തന്നെ ആ പാർട്ടിയുടെ നേതാവായിരുന്നു. അന്നു മാർക്സിസ്റ്റ് പാർട്ടി ജനങ്ങൾക്കു ചെയ്തു എന്നു പറയപ്പെടുന്ന ഗുണങ്ങളുണ്ടല്ലോ, അവ അവർ ചെയ്ത ജനദ്രോഹങ്ങൾക്കു പലിശ കൊടുക്കാൻ തികയുകയില്ല. ജന്മിമാർക്കു കരിഞ്ചന്ത നടത്താനുള്ള സൗകര്യത്തിനായി ആയിരക്കണക്കിനു പറ ലെവി നെല്ലു ഇളവു ചെയ്തു കൊടുക്കുക. തൊഴിലാളിസമരങ്ങളിൽ തൊഴിലാളികളെ തല്ലിക്കാനായി മുതലാളിമാർക്കു് പോലീസിനെ വിട്ടുകൊടുക്കുക. ഷാപ്പുമുതലാളിമാർക്കു് ലക്ഷക്കണക്കിനു രൂപാ കിസ്തുയിനത്തിൽ ഇളവു ചെയ്തു കൊടുക്കുക തുടങ്ങിയ ബീഭത്സപ്രവർത്തികൾ ചെയ്തതു് മാർക്സിസ്റ്റ് പാർട്ടിയുടെ പിന്തിരിപ്പൻ നടപടികൾക്കു് ഉദാഹരണമാണ്. സംഘടിത തൊഴിലാളി വർഗത്തിന്റെ ശക്തി കുറയ്ക്കുക. തൊഴിലാളികളെ വർഗശത്രുക്കളുടെ പിണിയാളുകളാക്കി മാററുക. തുടങ്ങിയ കാര്യങ്ങൾ ഇതിനുമുമ്പു ഭരിച്ച ഒരു ഗവർമ്മെന്റും ചെയ്തിട്ടില്ല. ഒരു പിടി സ്വാർത്ഥ താൽപ്പര്യങ്ങൾ സാധിച്ചെടുക്കാൻ അവസരവാദികളോടു കൂട്ടുപിടിക്കാനും മടി കാണിച്ചിട്ടില്ല.

സ്കൂൾ മാനേജർമാർ അദ്ധ്യാപക നിയമനത്തിനു കോഴ വാങ്ങിക്കുന്നതിനെ എല്ലാ പുരോഗമനശക്തികളും എതിർത്തിട്ടുണ്ട്. മാർക്സിസ്റ്റ് പാരട്ടി അതിന്റെ മുമ്പിൽത്തന്നെ നിന്നിട്ടുണ്ട്. അതേ ശക്തികൾ അധികാരം കിട്ടിയപ്പോൾ ട്രാൻസ്പോർട്ടു നിയമനത്തിനു സാധുക്കളോടു പോലും നല്ല തുക വാങ്ങിയതു് അങ്ങാടിപ്പാട്ടാണ്. ഇവയൊന്നും നിഷേധിക്കാനും പററുകയില്ല.

കുത്തക മുതലാളിമാരുടെ ചൂഷണത്തെക്കുറിച്ചു് മാർക്സിസ്റ്റ് പാർട്ടി പ്രചരണം നടത്താനും ജനങ്ങളെ അതിനെതിരായി അണിനിരത്താനും ശ്രമിച്ചിട്ടുണ്ട്. ഇടതുപക്ഷ കക്ഷികളെല്ലാം ആ ശ്രമം ഇപ്പോൾ തുടരുന്നുണ്ട്. കോൺഗ്രസ്സ് എം. പിയായ ശ്രീ ചന്ദ്രശേഖരൻ ബർളാ സ്ഥാപനങ്ങളെക്കുറിച്ചു് അന്വേഷണം നടത്തണമെന്നു ശക്തിയായി വാദിച്ചു. ഉത്തു കമ്മിററി ബർളാ സ്ഥാപനങ്ങളിലെ അഴിമതികളെക്കുറിച്ചു് സവിസ്തരം പ്രതിപാദിക്കുന്ന റിപ്പോർട്ടു സമർപ്പിച്ചു. ബിർളാ സ്ഥാപനങ്ങളെക്കുറിച്ചു് അന്വേഷണം നടത്തിക്കാനായി എസ്. എസ്. പി നേതാവു് ശ്രീ ഫർണാണ്ടസ് എം. പി. മാരുടെ ഒപ്പുശേഖരണം തുടങ്ങി. സ: ഏ. കെ. ജി ഒപ്പിട്ടു എന്നാൽ കുറച്ചുദിവസങ്ങൾക്കു ശേഷം സ: ഏ. കെ. ജി. ഒപ്പ് പിൻവലിച്ചു. കാര്യം ആർക്കും വ്യക്തമായി മനസ്സിലാകും. കുത്തക മുതലാളിമാരുടെ കെണിയിൽ മാർക്സിസ്റ്റ് പാർട്ടി കുടുങ്ങിപ്പോയി. കൈകാൽ ഇട്ടു് അടിക്കുകയേ നിവൃത്തിയുള്ളു. ചുരുക്കത്തിൽ കുത്തക മുതലാളിത്തത്തെ എതിർക്കാനുള്ള ധാർമ്മികമായ ആ ശക്തി ഇന്നു് അവർക്കു് നഷ്ടപ്പെട്ടതായി കാണാം. ഉൾപ്പാർട്ടി ജനാധിപത്യം പാർട്ടിയ്ക്കുകത്തുണ്ടായിരുന്നെങ്കിൽ പല കഥകളും പുറത്തുവന്നേനെ.

യാഥാസ്ഥിതികച്ചുവയുള്ള ഒരു നേതൃത്വമാണ് ഇന്നു ആ പാർട്ടിയ്ക്കുള്ളതു്. ചെക്കോസ്ലാവേക്യയിൽ കമ്യൂണിസം രക്ഷിക്കാൻ റഷ്യ പട്ടാളത്തെ നിയോഗിച്ചു. (കമ്യൂണിസത്തിന്റെ ഗതികേട്) രാമമൂർത്തി അതുതെററായിപ്പോയെന്നു പറഞ്ഞു. നമ്പൂതിരിപ്പാട്ട നന്നായി എന്നു പറഞ്ഞു. രണ്ടു കോൺഗ്രസ്സിനോടും സമദൂരത്തിലുള്ള നയം സ്വീകരിക്കുമെന്ന് നമ്പൂതിരിപ്പാട്ട ഈയിടെ പറഞ്ഞു. സുന്ദരയ്യ പറയുന്നതു് പോളിററ് ബ്യൂറോയിൽ ഭൂരിപക്ഷവും കോൺഗ്രസ്സ് സർക്കാരിനെ നിലനിർത്താൻ ഇഷ്ടപ്പെടുന്നു എന്നാണ്. രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും കേരളത്തിൽ മന്ത്രിസഭ ഉണ്ടാക്കും. ഇടക്കാലതിരഞ്ഞെടുപ്പു വേണം. മററു കക്ഷികൾക്ക് മന്ത്രിസഭ ഉണ്ടാക്കാൻ പിന്തുണ നിൽക്കും. എന്നിങ്ങനെ മാറി മാറി അഭിപ്രായം പറഞ്ഞു അണികളുടെ ആവേശങ്ങളിലുള്ള എല്ലാ ചിന്താഗതിക്കാരേയും തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്ന ഒരു നേതൃത്വത്തിനു എത്രകാലം നിലനിൽക്കാൻ കഴിയും.

മാർക്ക്സിസ്റ്റു പാർട്ടി ഇതുവരെ സ്വന്തം ശക്തിയിൽ ഒററയ്ക്ക് ജനങ്ങളെ തിരഞ്ഞെടുപ്പിൽ നേരിട്ടിട്ടില്ല. 1965 ൽ മുസ്ലീം പിന്തുണ നൽകി. 67 ൽ ആറു കക്ഷികളും. അന്ധമായ കോൺഗ്രസ്സ് വിരോധത്തിന് കമ്പോളത്തിൽ അന്നും ഡിമാൻറായിരുന്നു. വികാരാവേശം ഇളക്കിവിട്ട് പല പ്രതീക്ഷകളും നൽകി 67 ൽ 54 ൽ സീററു നേടി. അത്രയും സീററു നിലനിർത്താൻ പോലും ആ പാർട്ടിക്കു കഴിഞ്ഞില്ല. കോൺഗ്രസ്സും കേരള കോൺഗ്രസ്സും തമ്മിൽ മത്സരിച്ചതുകൊണ്ടും ആ പാർട്ടിക്കു ചുളുവിൽ കുറെ സീററു കിട്ടി. ഞാറയ്ക്കൽ, അങ്കമാലി, കോതമംഗലം, ചെങ്ങന്നൂർ, കാഞ്ഞിരപ്പള്ളി, ഒല്ലൂർ തുടങ്ങിയ നിയോജകമണ്ഡലങ്ങൾ അങ്ങനെ ലഭിച്ചതു കൂടിയാണ്. കമ്യൂണിസ്റ്റു പാർട്ടിയുടേയും ലീഗിന്റേയും സഹായമില്ലാതെ നമ്പൂതിരിപ്പാട് തന്നെ പട്ടാമ്പിയിൽ നിന്നു് ജയിക്കുമായിരുന്നോ? 1962 ലെ പാർലമെൻറ് തിരഞ്ഞെടുപ്പിൽ സ: ഏ. കെ. ജി. താൻ ജയിക്കാനായി കോഴിക്കോട്ട് സ്വന്തം സ്ഥാനാർത്ഥിയായ മഞ്ജുനാഥ റാവുവിനെ ഒററിക്കൊടുത്തു് സി. എച്ചിനു് മുസ്ലീംലീഗിന്റെ വോട്ടു കാസർകോട്ടു വാങ്ങിച്ചതും നാം ഓർക്കുന്നതു നന്നായിരിക്കും. 1967 ലെ കാലാവസ്ഥ ഇന്നില്ല. ഈ അടുത്ത കാലത്തു് മാർക്ക്സിസ്റ്റുകൾ നടത്തിയ പല സമരങ്ങളും പരാജയപ്പെട്ടു. മററു പാർട്ടിയേക്കാൾ മാർക്ക്സിസ്റ്റു പാർട്ടിക്ക് ആഢ്യത്വവും ദിവ്യത്വവും കൽപ്പിക്കേണ്ട കാര്യമൊന്നുമില്ലെന്നു സാരം. പുരോഗമന പ്രസ്ഥാനത്തെ പുറകോട്ടടിക്കുന്ന നടപടികളാണ് ചെയ്തുകൊണ്ടിരിക്കുന്നതും ഇപ്പോൾ 'കോൺഗ്രസ്സിതരമുന്നണി' എന്ന വൈളതത്തെ പൊക്കിപ്പിടിച്ചുകൊണ്ട് നമ്പൂതിരിപ്പാട്ട നടക്കുന്നതു കണ്ടാൽ സുബോധമുള്ളവർ ചിരിക്കും. ഒരു സോഷ്യലിസ്റ്റു മുന്നണിക്കു വേണ്ടി ആലോചിച്ചും നടപടികൾ സ്വീകരിക്കാൻ ആഗ്രഹം ശ്രമിക്കാത്തതു് എന്തുകൊണ്ടായിരിക്കും കേരളത്തിലും ബംഗാളിലും ആർ. എസ്. പി. യോടും രണ്ടു നയം സ്വീകരിക്കുന്നതും നാം കാണുന്നു. ബംഗാളിൽ ആർ. എസ്. പിയെ കൂടെ നിർത്താൻ സ: ജ്യോതി ബാസുവിനു കഴിഞ്ഞു. നമ്പൂതിരിപ്പാട്ട കേരളത്തിൽ ആർ. എസ്. പിയെ അകററി. നമ്പൂതിരാപ്പാടിന്റെ പരാജയമാണ് നാം കാണുന്നതു്. ഒരു പുരോഗമന കക്ഷിക്കു യോജിക്കാത്ത പ്രവർത്തനങ്ങളാണ് പല രംഗത്തും മാർക്ക്സിസ്റ്റു പാർട്ടി സ്വീകരിച്ചതു്. ഒരു പുനർവിചിന്തനത്തിനു തയ്യാറായി ഇടതുപക്ഷ കക്ഷികളോട്ട സഹകരണാത്മകമായ ഒരു നയം മാർക്ക്സിസ്റ്റു പാർട്ടി സ്വീകരിക്കുന്നതു് ആശ്വാസപ്രദമായിരിക്കും.

ഈ. എം. എസിന്റെ ഭരണകാലത്തു് ഏററവും കൂടുതൽ മർദ്ദനം അനുഭവിക്കേണ്ടി വന്നതു് യൂത്തുകോൺഗ്രസ്സുകാരും കെ. എസ്. യു. ക്കാരുമാണ്. പിന്തിരിപ്പന്മാരുടെ സംഘടിതമായ എതിർപ്പുണ്ടായപ്പോൾ യൂണിവേഴ്സിററി ആക്ടിനു് പിന്തുണയും സഹകരണവും നൽകിയതും ഐക്യമുന്നണി ഭരണത്തിലെ പുരോഗമനകരമായ നടപടികളെ മററാരേയുംകാൾ അംഗീകരിച്ചതും അവരാണ്. എന്നിട്ടും നമ്പൂതിരിപ്പാടിന്റെ പോലീസ് വെറുതെ വിട്ടില്ല. മാർക്ക്സിസ്റ്റുകളെ ഇന്ന് അവിശ്വാസത്തോടെ സംശയത്തോടെ നോക്കിക്കാണുന്നതിനു് അവരെ അധികം കുററം പറഞ്ഞിട്ടു കാര്യമില്ല. അവ മാററിയെടുക്കാൻ മാർക്ക്സിസ്റ്റു പാർട്ടി ശ്രമിച്ചിട്ടുണ്ടോ? ഒന്നിച്ചുനിൽക്കണമെന്ന് ഇതുവരെ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? മാർക്ക്സിസ്റ്റു പാർട്ടിയെ കെട്ടിക്കേറി സ്നേഹിക്കണം എന്നൊരു പൂതി ആർക്കെങ്കിലും വരുമോ?

അതുകൊണ്ടു ഒന്നേ ചിന്തിക്കാനുള്ളു, എല്ലാ ഇടതുപക്ഷ കക്ഷികളും ഒരേ ശൃംഖലയിൽ വരുക. യോജിച്ച പരിപാടികളോടെ ആശയപരമായ ഐക്യത്തോടെ മുന്നേറുക. പ്രതിലോമ ശക്തികളെ തച്ചുടയ്ക്കുക. 'മാർക്ക്സിസ്റ്റിതരം, എന്ന ആശയത്തിനു് അവസരം നൽകാതിരിക്കുക. അഖിലേന്ത്യാ തലത്തിൽ ഇടതുപക്ഷ–വലതുപക്ഷ കക്ഷികൾ മാത്രം നിലവിൽ വരുന്ന പരിവർത്തനത്തിനു് വേഗത വർദ്ധിപ്പിക്കുക. അതിൽ ഇടതുപക്ഷകക്ഷികൾ ജനാഭിലാഷത്തിനൊത്തു് ഉയരട്ടെ. 'നിർണ്ണയം' അതിനു വേണ്ടി തൂലിക ചലിപ്പിക്കുമോ? പുതിയ ചൂടിനും വെളിച്ചത്തിനും വേണ്ടി നിർണ്ണയം ചിന്തിക്കുമോ?

വി. കെ. കുമാരകയ്മൾ
പ്രസിഡൻറ്,
കരൂർ മണ്ഡലം കോൺഗ്രസ്സ് കമ്മിററി

X X X X X

## നവനാദം

ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും മാനസികമായും ഭൗതികമായും അടിമത്വത്തിലാണ്. അവശരും നിരാശരുമായ ജനതയെ മാനസികമായെങ്കിലും മോചിപ്പിച്ചെടുക്കുവാൻ 'നിർണ്ണയം, പോലുള്ള വാരികകൾക്കു സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ പത്രപ്രവർത്തനരംഗത്തു കൊടി കുത്തി വാഴുന്നവർ വളരെയധികം പേരുണ്ട്. പക്ഷേ

(ശേഷം 13–ാം പേജിൽ)

**നന്നായി, ഒന്നാംതരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വാരികയിൽ ലേഖനങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണ് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക.**

**—പത്രാധിപർ**

# 5. മുസ്ലീമുകൾ: ദേശീയവാദികളെന്നു പറയപ്പെടുന്നവരും വർഗ്ഗീയവാദികളും

മുൻപറഞ്ഞ കാലഘട്ടത്തിൽ 'ദേശീയ മുസ്ലീം' നേതാക്കൾ നടത്തിയ പ്രസംഗങ്ങളിൽ നിന്നു തന്നെ അവരുടെ തന്ത്രം വേണ്ടവണ്ണം വ്യക്തമാകുന്നുണ്ടു്. അക്കാലത്തു്, മൌലാനാ ഹുസൈൻമർദനിയെ മഹാനായ ദേശീയമുസ്ലീം നേതാവായാണു് കണക്കാക്കിയിരുന്നതു്. ജമാ അത്ത്-എ-ഉലേമാ ഇ. ഹിന്ദിന്റെ പ്രസിഡന്റായിരുന്നു അദ്ദേഹം. 1945 ൽ ഡൽഹിയിൽ ഉലേമ ഒരു സമ്മേളനം വിളിച്ചുകൂട്ടിയപ്പോൾ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു, ''ഇസ്ലാമിന്റെ ഈ 'തബ്‌ലീഘി,ന്റെ പ്രവർത്തനരംഗം മുസ്ലീമുകളല്ലാത്തവരാണ്. മഹത്തായ ഈ പ്രവർത്തനത്തിനുള്ള അസംസ്കൃത സാധനങ്ങളാണ് മുസ്‌ളീമുകളല്ലാത്തവർ............ ഏതെങ്കിലും പ്രത്യേക പ്രദേശത്ത് മാത്രം ഇസ്‌ളാമിന്റെ മതപ്രവർത്തനങ്ങൾ ഒതുക്കി നിർത്തണമെന്ന ആശയത്തോടു് നാം യോജിക്കുന്നില്ല. ഞങ്ങളുടെ മുൻഗാമികൾ നടത്തിയിട്ടുള്ള മഹത്തായ സമരത്തിന്റെയും ത്യാഗത്തിന്റെയും അടിസ്ഥാനത്തിൽ മുസ്‌ളീമുകൾക്കു് ഈ രാജ്യത്തിന്റെ മുക്കിലും മൂലയിലും എല്ലാ അവകാശങ്ങളുമുണ്ടു്. ഇപ്പോൾ നമ്മുടെ കടമ അതു് ഉപേക്ഷിക്കുകയല്ല. ആ അവകാശം നിലനിറുത്തുകയും അതിന്റെ വ്യാപ്തി 'വർദ്ധിപ്പിക്കുകയുമാണ്.' (ദേവബന്ദ് സ്കൂൾ ആന്റ് ദിസാമാണ്ട് ഫോർ പാക്കിസ്ഥാൻ-ഇസഡ്. എച്ച്. ഫറൂഖി, ഏഷ്യാ പബ്‌ളിഷിങ്ങ് ഹൌസ്, ബോംബെ, 1963. പേജ് 117)

★ മുസ്ലീം പോളിറ്റിക്സ് ഇൻ ഇന്ത്യ

ഹമീദ് ദൽവായ്

നചികേത

പബ്‌ളിക്കേഷൻസ്

സ്‌ലീറ്റർ റോഡ്,

ബോംബേ-7.

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

പണ്ഡിതനായ ഇതേ മൌലാന തന്നെ മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നു ''ദാരവിജയിച്ചിരുന്നുവെങ്കിൽ മുസ്‌ളീമുകൾ ഇന്ത്യയിൽ കഴിഞ്ഞുകൂട്ടമായിരുന്നു. പക്ഷെ ഇസ്‌ളാം ഉണ്ടാകുമായിരുന്നില്ല. ഔറംഗസീബ് വിജയിച്ചതുകൊണ്ടു് ഇന്നു മുസ്‌ളീമുകളും ഇസ്‌ളാമും ഒരേപോലെ ഇന്ത്യയിൽ നിലനിൽക്കുന്നു''? മൌലാനയുടെ അഭിപ്രായത്തിൽ ദാര പിന്തുടർന്നു വന്നതു് ശരിയായ ഇസ്‌ളാമല്ല. കാരണം ഹിന്ദുക്കളോടു് സഹിഷ്ണുത കാണിക്കണമെന്നു ആഗ്രഹിച്ചയാളാണ് ദാര. ശരിയത്ത് നിയമം നടപ്പാക്കണമെന്നയഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നില്ല. മതത്തെ അദ്ദേഹം 'ശരിയായി' വ്യാഖ്യാനിച്ചില്ല. അതായത് പാരമ്പര്യമനുസരിച്ചു് 'കൃത്യമായി' വ്യാഖ്യാനിച്ചില്ല. മൌലാനയുടെ മുമ്പു് പറഞ്ഞ ഈയഭിപ്രായങ്ങളിൽ നിന്നു ദേശീയ മുസ്‌ളീമുകളിൽ' ഭൂരിപക്ഷവും ഏതുതരം ഇസ്‌ളാമിലാണ് വിശ്വസിച്ചതെന്നു വ്യക്തമാണു്. അവസാനയപഗ്രഥനത്തിൽ അവരുടെ മഹത്തായ ലക്ഷ്യമെന്താണെന്നും വ്യക്തമാകുന്നുണ്ടു്.

ജിന്നായും ദേശീയ മുസ്‌ലീമുകളും തമ്മിൽ എന്തായിരുന്നു വ്യത്യാസം? ജിന്ന പ്രത്യേകമൊരു രാഷ്ട്രം വേണമെന്നു ആവശ്യപ്പെട്ടപ്പോൾ, ദേശീയ മുസ്ലീമുകൾ ഇന്ത്യമുഴുവൻ കിട്ടണമെന്നാഗ്രഹിച്ചു. ഇന്ത്യമുഴുവൻ കിട്ടാൻ സാദ്ധ്യമല്ലെന്നു ജിന്നക്കു അറിയാമായിരുന്നു. അതുകൊണ്ടു് അദ്ദേഹം പാക്കിസ്ഥാൻ മതിയെന്നു വെച്ചു. ഹിന്ദുക്കൾക്കെതിരായി ജിഹാദ് നടത്തിയാൽ, കൂടുതൽ വലിയ പ്രതിഫലം ലഭിക്കുമായിരുന്നുവെന്നു പല ദേശീയ മുസ്ലീമുകളും വിശ്വസിക്കുന്നുണ്ടു്. അതുകൊണ്ടാണ് അവർ പാക്കിസ്ഥാൻ സൃഷ്ടിയെ എതിർത്തതു്. ഹിന്ദുമഹാസഭയുടെ ഒരു നേതാവായ ഡോക്ടർ മുഞ്ജേ ഒരിക്കൽ പറഞ്ഞു. 'ഈ ജിന്ന ഒരു വിഡ്ഢിയാണെന്നു് തോന്നുന്നു. അയാൾക്കു ഇന്ത്യ മുഴുവൻ വിഴുങ്ങാൻ കഴിയും. എന്തിനാണ് പ്രത്യേക രാഷ്ട്രത്തിനു വേണ്ടി അയാൾ വാദിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല' ഡോക്ടർ മുഞ്ജെ ഇതു് പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത് ഇന്ത്യയിലെ മുസ്‌ലീമുകളുടെ മതപരമായ ലാക്കുകളാണെന്നു എനിക്കു് ഉറപ്പുണ്ടു്.

വിഭജനത്തിനു കാരണം ഹിന്ദുവർഗ്ഗീയതയാണെന്നാണ് മുസ്‌ലീം നേതാക്കൾ എപ്പോഴും കുറ്റപ്പെടുത്തുന്നത്. ഈ ചർച്ചയിൽ എവിടെയാണ് ഹിന്ദുവർഗ്ഗീയത കടന്നു വരുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. സംഘട്ടനം നെഹ്രുവും ജിന്നയും തമ്മിലായിരുന്നു. ഗാന്ധിയും ജിന്നയും തമ്മിലായിരുന്നു സവർക്കറും ഗോവാൾക്കറും ചിത്രത്തിൽ വരുന്നതേയില്ല. അദ്ദേഹം അവരുടെ വർഗ്ഗീയതയെ പരാമർശിച്ചിട്ടേയില്ല. തന്റെ ആവശ്യങ്ങൾ നിഷേധിക്കുന്നതുകൊണ്ടു് ഗാന്ധിയെ ഹിന്ദുവർഗ്ഗീയ വാദിയെന്നു ജിന്ന അധിക്ഷേപിച്ചു. അദ്ദേഹം നെഹ്രുവിനേയും അതേ രീതിയിൽ വിമർശിച്ചു. അതേപോലെ തന്നെ, വിഭജനത്തിനു കാരണക്കാർ വർഗ്ഗീയ വാദികളാണെന്നു് മുസ്‌ലീം നേതാക്കൾ കുറ്റപ്പെടുത്തുമ്പോൾ, ഗാന്ധിയും നെഹ്‌റുവും ഹിന്ദുവർഗ്ഗീയ വാദികളാണെന്നാണ് അവർ സൂചിപ്പിക്കുന്നതു്. ഇതിന്റെ ഉള്ളടക്കം വ്യക്തമാണ്. എല്ലാ ഹിന്ദുക്കളും വർഗീയ വാദികളാണെന്നു അവർ കുറ്റപ്പെടുത്തുന്നു. അതേസമയം വിചിത്രമായ മറ്റൊരവകാശവാദവും അവർ ഉന്നയിക്കുന്നു. എല്ലാമുസ്‌ലീമുകളും ദേശീയവാദികളാണെന്നാണതു്.

അതുകൊണ്ടു്, യഥാർത്ഥ സംഘട്ടനം, ഹിന്ദുക്കളിലേയും മുസ്‌ലീമുകളിലേയും വർഗീയ വാദികൾ തമ്മിലായിരുന്നില്ല. അതു് ഗാന്ധിയുടേയും നെഹ്‌റുവിന്റേയും മതേതര ദേശീയതയും ഇന്ത്യയിലെ മുസ്‌ലീമുകളുടെ മതപരമായ ദേശീയതയും തമ്മിലായിരുന്നു. മതേതരമായ ഉൽഗ്രഥനത്തിലൂടെ, രാജ്യത്തെ ഒന്നിപ്പിച്ചു നിർത്തുന്നതിൽ ഗാന്ധിയും നെഹ്‌റുവും പരാജയപ്പെട്ടു എന്നതു് സത്യമാണ്. ഈ പരാജയം അവരുടെ മാത്രമല്ല. അതു് നമ്മുടെ എല്ലാം കൂട്ടായ പരാജയമാണ്. ഈ വെല്ലുവിളിയെ നേരിടാൻ തക്ക കഴിവോ കരുത്തോ ഹിന്ദുസമുദായത്തിനില്ലെന്നതു് വെറും യാഥാർത്ഥ്യമാണ്. ഗാന്ധിയും നെഹ്‌റുവും പട്ടേലും ദുഃഖകരമായ ഈ യാ-

ഥാർത്ഥ്യത്തെ അംഗീകരിച്ചു. ഗാന്ധിയേയും നെഹറുവിനേയും ഏററവും കടുത്ത രീതിയിൽ ശകാരിക്കുന്ന ഹിന്ദുവർഗ്ഗീയവാദികൾ ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നില്ല. ഇത് അതിലേറെ ദുഃഖകരമാണ്.

ഇന്ത്യയിലെ മുസ്ളീം വർഗ്ഗീയതയുടെ തനിസ്വഭാവംമനസ്സിലാക്കണമെങ്കിൽ, ഒരു മതമെന്ന നിലയിൽ ഇസ്ളാമിൻെറ സ്വഭാവത്തെക്കുറിച്ച് പഠിക്കേണ്ടതു് ആവശ്യമാണ്. ഇസ്ളാമിൻെറ ചരിത്രം പഠിക്കേണ്ടതും ആവശ്യമാണ്. ഏററവും അവസാനത്തേതും അതുകൊണ്ട് ഏററവും കുററമററതും ആയ മതമാണ് ഇസ്ളാമെന്നാണ് മുസ്ളീമുകൾ വിശ്വസിക്കുന്നതു്. മുഹമ്മദിനെ അവർ അവസാനത്തെ പ്രവാചകനായി കരുതുന്നു. ഇനിയൊരു പ്രവാചകനുണ്ടാകുകയില്ലെന്നും വിശ്വസിക്കുന്നു. അതുകൊണ്ട് ഇസ്ളാമിനു ശേഷം പുതിയ മതം ആവിർഭവിക്കയില്ലെന്നാണ് അവരുടെ വിശ്വാസം. സമയക്രമമനുസരിച്ച് പോലും പുതിയതും കൂടുതൽ നവീനവുമായ ഒരു മതം സ്വീകരിക്കുന്നതു അനാവശ്യമാണെന്നു് അവർ വിചാരിക്കുന്നു. ഇസ്ളാമിനു ഒരു നവീകരണവും ആവശ്യമില്ലെന്നാണ് അവരുടെ ധാരണ. മററു മതങ്ങൾ സ്വയം സമ്മതിക്കുന്ന പരിമിതികളൊന്നും ഇസ്ളാമിക സിദ്ധാന്തങ്ങൾക്കില്ലത്രെ. ഇസ്ളാം കുററമററതും അലംഘനീയവുമാണെന്നു് മുസ്ളീമുകൾ വിശ്വസിക്കുമ്പോൾ, അവരുടെ വിശ്വാസം കേവലം ദൈവശാസ്ത്രമണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. ഇസ്ളാം കേവലം ഒരു ദൈവശാസ്ത്രമല്ലാ നൽകിയിട്ടുള്ളതു്. അതു്, അതിൻെറ വിശ്വാസികൾക്കു് സമ്പൂർണ്ണമായ ഒരു രാഷ്ട്രീയ-സാമൂഹ്യ സമ്പ്രദായവും നൽകിയിട്ടുണ്ട്. മുസ്ളീമുകളും കാഫിറുകളും തമ്മിലുള്ള ബന്ധങ്ങൾക്കടിസ്ഥാനമായിരിക്കേണ്ട തത്വങ്ങളും ഇസ്ളാം നിർവ്വചിക്കുന്നുണ്ട്. യാഥാസ്ഥിതികമായ അഭിപ്രായങ്ങൾ വെച്ചു പുലർത്തുന്ന ശരാശരി മുസ്ളീം ഈ സിദ്ധാന്തങ്ങളിലെല്ലാം വിശ്വസിക്കുന്നു. ഇതിനൊക്കെ പുറമെ, മൌലാനാ മൌദൂദി, മൌലാനാ അബുൾഹസ്സൻ നദ്വി എന്നിവരെപ്പോലുള്ള ചില മുസ്ളീമുകൾ ഒരു ഇസ്ളാമിക സാമ്പത്തിക സംവിധാനവും കണ്ടെത്തിയിരിക്കുന്നു! ഇന്നു് ഇന്ത്യയിലെ മുസ്ളീമുകളിൽ മൌലാനാ മൌദൂദിക്കും മൌലാനാ നദ്വിക്കും വളരെ അനുയായികളുണ്ട്. ഇതു് അവഗണിക്കാനാവില്ല.

അങ്ങിനെ മുസ്‌ലീം മനസ്സുകൾ ഇന്നും മദ്ധ്യകാലത്തിൻെറ പിടിയിൽപ്പെട്ടു കിടക്കുകയാണ്. ഏതു് മതത്തിൻേറയും അനുയായികൾക്കു് കുറെകാലത്തേക്കു് ഈ ഗതിവരും. ഏതൊരു മതവിഭാഗത്തിലും, പഴഞ്ചൻ പാരമ്പര്യങ്ങളിൽ കടിച്ചു തൂങ്ങുന്ന ഒരുകൂട്ടം കട്ടുംപിടുത്തക്കാരെ കാണാം. പക്ഷെ, ഹിന്ദുസമൂഹത്തിലും അതേ പോലെ തന്നെ ക്രിസ്തീയ സമൂഹത്തിലും ഇത്തരം സിദ്ധാന്തങ്ങളെ പാടെ നിഷേധിച്ച ഒരുകൂട്ടം പരിഷ്ക്കർത്താക്കൾ ഉയർന്നുവരുന്നതും കാണാം. ഇതിനു കാരണങ്ങളുണ്ട്. അവരുടെ മതങ്ങൾ ചില ആക്രമണങ്ങൾക്കു വിധേയമായി. ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും ഇസ്ലാമികാക്രമണങ്ങളെ നേരിടേണ്ടിവന്നു. തങ്ങൾക്കുണ്ടായ പരാജയം തങ്ങളുടെ സമൂഹത്തെ പരിഷ്ക്കരിക്കുന്നതിനു അവർക്കു ഉത്തേജനം നൽകി. മുസ്ലീം സമൂഹം ഇക്കാര്യത്തിൽ ഭാഗ്യഹീനമാണ്. സ്വയം പരിഷ്കരിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ഒരു അനുഭവം അവർക്കു് ഒരിക്കലും ഉണ്ടായിട്ടില്ല.

ക്രിസ്തീയ സമൂഹവും ഹിന്ദുസമൂഹവും നേരിടേണ്ടിവന്ന ആക്രമണങ്ങളെക്കുറിച്ച് പറയുമ്പോൾ കേവലം പരിമിതമായ അർത്ഥത്തിൽ രാഷ്ട്രീയാക്രമണങ്ങളെക്കുറിച്ച് മാത്രമല്ലാ ഞാൻ പറയുന്നത്. അത്തരം ആക്രമണങ്ങൾ മുസ്ലീമുകൾക്കും നേരിടേണ്ടിവന്നിട്ടുണ്ട്. മുസ്ലീംസമൂഹത്തെ ചിലപ്പോൾ ആക്രമണകാരികൾ അടിമകളാക്കിയിട്ടുണ്ട്. എന്നാലും അവരുടെ മതത്തിനു ഒരിക്കലും ഭീഷണിനേരിടേണ്ടിവന്നിട്ടില്ല നേരെമറിച്ച്, ക്രിസ്ത്യാനികളേയോ ഹിന്ദുക്കളേയോ കീഴടക്കിയിട്ടുള്ളപ്പോഴെല്ലാം തന്നെ, മുസ്ളീമുകൾ രാഷ്ട്രീയമായി അടിമപ്പെടുത്തുന്നതുകൊണ്ട് മാത്രം നിറുത്തിയില്ല. അവർ ഇസ്ളാമിലേക്കു നിർബ്ബന്ധപൂർവ്വം പരിവർത്തനം ചെയ്യിക്കാനും ശ്രമിച്ചു. മുസ്ളീമുകൾ തങ്ങളെ കീഴടക്കിയാൽ മതം അപകടത്തിലാകുമെന്നു് മററു മതക്കാർക്കു് ബോദ്ധ്യപ്പെട്ടു. അതുകൊണ്ടാണ് ഈ സമൂഹങ്ങൾ സ്വന്തം മതത്തെക്കുറിച്ച് സമൂലം നൂതനാടിസ്ഥാനത്തിൽ ചിന്തിക്കാൻ നിർബ്ബന്ധിതമായതു്.

മററുള്ളവർ പലപ്പോഴും മുസ്‌ലീമുകളെ കീഴടക്കിയിട്ടുണ്ട്. ഇന്ത്യയിൽ, ഹിന്ദുക്കൾ മുസ്‌ലീമുകളെ പലപ്പോഴും പരാജയപ്പെടുത്തുകയും ഭരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ മുസ്‌ലീമുകൾ ഹിന്ദുമതം സ്വീകരിക്കണമെന്നു ഹിന്ദുക്കൾ നിർബന്ധിച്ചില്ല. വിജയപൂർവം അതു് ചെയ്യാൻ സാധിക്കുമായിരുന്ന ശിവാജിപോലും അതു് ചെയ്യാൻ ശ്രമിച്ചില്ല. ചില കൃസ്ത്യാനികൾ മുസ്‌ലീമുകളെ തോൽപ്പിച്ചപ്പോഴേക്കും നിർബന്ധപൂർവം മതപരിവർത്തനം ചെയ്യുകയെന്ന ആശയം അവർ ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. കൃസ്തീയ സമൂഹം ആധുനികയുഗത്തിലേക്കു കടക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. കൃസ്ത്യാനികൾ ആധുനികയുഗത്തിലേക്കു കടന്നിട്ടില്ലാത്തയവസരത്തിൽ, മുസ്‌ലീമുകളെ അവർ മതപരിവർത്തനം ചെയ്യിച്ചിട്ടുണ്ട്. സ്പെയിൻ ഒരു ഉദാഹരണമാണ്. പക്ഷെ പൊതു നിയമത്തിനുള്ള ഏക അപവാദമാണിതു്. തുർക്കി സാമ്രാജ്യം ശിഥിലമാകാൻ തുടങ്ങുകയും പാശ്ചാത്യ രാഷ്ട്രങ്ങൾ അതു് കഷ്ണം കഷ്ണമായി കാർന്നെടുക്കാൻ ആരംഭിക്കുകയും ചെയ്തപ്പോൾ, അവർ മുസ്ലീം പ്രദേശത്തെ പിടിച്ചടക്കിയതു് സാമ്രാജ്യത്വ ശക്തികളെന്ന നിലക്കും കൊളോണിയലിസ്റ്റുകളെന്ന നിലക്കുമാണ്. അവർ തങ്ങളുടെ മതം പ്രചരിപ്പിക്കാൻ ശ്രമിച്ചില്ല. മുസ്ലീമുകളെ കീഴടക്കി ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യിക്കലായിരുന്നില്ലാ അവരുടെ ലക്ഷ്യം.

തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ കീഴടക്കിയപ്പോൾ അവർ അതിൻെറ പേരുമാററി ഇസ്താൻബൂൾ എന്നാക്കി. അവർ അവിടത്തെ ക്രിസ്തീയ പള്ളി ഇടിച്ചു തകർത്ത് തൽസ്ഥാനത്ത് മുസ്‌ലീം പള്ളി പണിചെയ്തു. ഇന്ത്യയിൽ മുഗളന്മാർ ഏതെങ്കിലും പ്രദേശം പിടിച്ചടക്കിക്കഴിഞ്ഞാൽ, അവർ ആദ്യം ചെയ്തതു് അവിടത്തെ അമ്പലങ്ങൾ തകർക്കുകയാണ്. ഇതിനെ തുടർന്നു അവർ ചിലയാളുകളെ ബലമായി ഇസ്‌ലാമിലേക്കു പരിവർത്തനം ചെയ്യിച്ചു. വാരാണസിയിലെ വിശ്വേശ്വര ക്ഷേത്രം അറംഗസീബ് നശിപ്പിച്ചു. മഥുരയിൽ ശ്രീകൃഷ്ണൻെറ ജന്മസ്ഥലത്ത് മുസ്‌ലീം പള്ളിപണികഴിപ്പിച്ചു. പക്ഷെ, മെക്കയേയും മദീനയേയും കീഴടക്കിയ പാശ്ചാത്യർ ഇത്തരത്തിലുള്ള മാററമൊന്നും അടിച്ചേല്പിച്ചില്ല. ഇന്ത്യയിൽ ശിവാജിയെപ്പോലുള്ള ഒരു രാജാവ് അക്രമികളെ തിരിച്ചോടിച്ചു. പക്ഷെ പീറുകളും ദർഗ്ഗയും നിലനിർത്താൻ അദ്ദേഹം സഹായധനം നൽകി. പക്ഷെ ചരിത്രം പല തിരി

ച്ചിലും മറിച്ചിലും നടത്തി മുസ്‌ലീം മനസ്സുകളെ മദ്ധ്യകാല രൂപത്തിൽ തന്നെ നിർത്തിയിരിക്കുകയാണ്. ആധുനികതയെക്കുറിച്ച് ബോധവന്മാരാക്കുന്ന ഒരു ആഘാതം അവർക്കൊരിക്കലും ഏൽക്കേണ്ടി വന്നിട്ടില്ല. മുസ്‌ലീമുകളെക്കാൾ കൂടുതൽ ചരിത്രത്തെ തന്നെ ഈ പ്രതിഭാസത്തിനു കാരണമാക്കിയതിന്റെ പേരിൽ കുററപ്പെടുത്താൻ തോന്നിപ്പോകും!

എന്നിരുന്നാലും, ഈ വസ്തുതയുടെ ഫലമായി പലപ്രത്യാഘാതങ്ങളുമുണ്ടായിട്ടുണ്ട്. മുസ്ലീമുകളെ നശിപ്പിക്കുകയും മററുള്ളവർ ഭരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ മുസ്ലീം സമൂഹം നശിപ്പിക്കപ്പെട്ടിട്ടില്ല. ഒരു സമൂഹം അതിജീവിച്ച്, വിദേശമേധാവിത്വത്തിന്റെ ചങ്ങലയിൽ നിന്നു മോചനം നേടാവുന്നതാണ്. അതിനു സ്വന്തമായ രാഷ്ട്രം സ്ഥാപിക്കാനും കഴിയും. ഈ പശ്ചാത്തലത്തിൽ, മുസ്‌ലീമുകൾക്ക് സ്വാതന്ത്ര്യത്തേയും ആശ്രിതത്വത്തേയും കുറിച്ചുള്ള ധാരണകൾ ആധുനികമായ ദേശീയ ബോധവുമായി വല്ല ബന്ധമോ പൊരുത്തമോ ഇല്ലെന്നുഓർക്കേണ്ടതാണ്. എല്ലാ അധികാരങ്ങളും മുസ്‌ലീം സമുദായത്തിൽ കേന്ദ്രീകരിക്കുന്നതു തന്നെയാണ്. മുസ്‌ലീമുകളുടെ ധാരണയനുസരിച്ച് സ്വാതന്ത്ര്യത്തിന്റെയർത്ഥം. ഈയടിസ്ഥാനത്തിലാണ് അവർ പാക്കിസ്ഥാനി മുസ്‌ലീമുകളെ സ്വതന്ത്രരായി കരുതുന്നത്. ഇന്ത്യയിലെ മുസ്‌ലിമുകളെ ഇന്നും അടിമത്വത്തിൽ കഴിയുന്നവരായി വിചാരിക്കുന്നത്. ഇന്ത്യയിലെ മുസ്‌ലീമുകൾ മെക്കയിലെ മുസ്‌ലീമുകളെപ്പോലെയാണ് സ്വയം കരുതുന്നത്. പാക്കിസ്ഥാനിലെ മുസ്‌ലീമുകൾ മെദീനയിലെ മുസ്‌ലീമുകളെപ്പോലെയാണെന്നും അവർ വിശ്വസിക്കുന്നു. പ്രവാചകനായ മുഹമ്മദ്, മെക്ക കീഴടക്കുന്നതിനു മുമ്പ് മെക്കയിലെ മുസ്‌ലീമുകൾക്കു ഖുറേഷി വർഗ്ഗക്കാരിൽ നിന്നും പീഡനം അനുഭവിക്കേണ്ടി വന്നു. മറിച്ച്, മെദീന മുസ്‌ലീം ഭരണത്തിലായിരുന്നു. മുഹമ്മദ് മെക്ക പിടിച്ചടക്കിയപ്പോൾ, മെക്കയിലെ മുസ്‌ലീമുകളെ വിമോചിപ്പിച്ചു. പ്രവാചകൻ വിജയകരമായി വന്നെത്തുന്നതിനു മുമ്പ് മെക്കയിലെ മുസ്‌ലീമുകൾക്കുണ്ടായിരുന്ന അതേ നിലയാണ് തങ്ങൾക്കുള്ളതെന്നു ഇന്ത്യയിലെ ഗ്രാമീണ മുസ്‌ലീമുകളിൽ എഴുപത്തിയഞ്ചു ശതമാനവും വിശ്വസിക്കുന്നില്ലേയെന്നാണ് എന്റെ സംശയം.

കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് കാലത്ത്, സ്ഥാനാർത്ഥിയായിരുന്ന ഒരു മുസ്ലീം സുഹൃത്തുമൊരുമിച്ച് ഞാൻ തെരഞ്ഞെടുപ്പ് പ്രചരണ പര്യടനത്തിനു പോയി. ഞാൻ അപ്പോൾ ഒരു മാന്യനെ കണ്ടു. അദ്ദേഹം പറഞ്ഞു ''എന്തിനാണ് നിങ്ങൾ ഈ തെരഞ്ഞെടുപ്പ് പ്രചരണം നടത്തുന്നത്? അയ്യൂബ് ഖാൻ ഉടനെ ഇവിടെ എത്തും. ഇതിനെല്ലാം അറുതി വരുത്തുകയും ചെയ്യും.'' ഇത് കേട്ടപ്പോൾ എനിക്ക് അരിശം വന്നില്ല. ഈയഭിപ്രായം പറഞ്ഞ മാന്യനു അക്ഷരാഭ്യാസമുണ്ടായിരുന്നില്ല. പക്ഷെ, ഇപ്പോഴും പഴഞ്ചനായ മദ്ധ്യകാല ധാരണകളുടെ പിടിയിലമർന്നു കിടക്കുന്ന നിർഭാഗ്യകരമായ മുസ്ലീം മനസ്സിന്റെ ഒരു തനിയുദാഹരണത്തെ കണ്ടതിൽ എനിക്കു ദുഃഖമുണ്ടായി. അയാളുടെ വിഡ്ഢിത്തം നിറഞ്ഞ പ്രത്യാശകൾ മനസ്സിലാക്കാൻ സാധിച്ചുവെന്നത് ആശ്വാസം നൽകിയില്ല.

ഇത്തരം മദ്ധ്യകാല ചിന്താഗതി ഇന്ത്യയിലെ മുസ്‌ലീമുകളുടെ സ്വഭാവമാണ്. പാക്കിസ്ഥാനിൽ, നവീകരണപ്രക്രിയയുടെ തുടക്കം കുറിച്ചതായി തോന്നുന്നു. പക്ഷെ, ഇന്ത്യയിൽ മുസ്‌ലീം സമുദായം ന്യൂനപക്ഷക്കാരാണെന്ന ബോധത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ഈ ന്യൂനപക്ഷബോധം കാരണം നവീകരണത്തിനു വേണ്ടിയുള്ള ഏതു പ്രക്രിയയും തടയുന്നതിനിടയാകുന്നു. ഇന്ത്യയിലെ മുസ്‌ലീമുകളെ എന്നും മദ്ധ്യകാല ജീവികളായി നിർത്തുന്നതിൽ, ഇന്ത്യയിലെ മതേതര രാഷ്ട്രീയ കക്ഷിക്കാരെന്നു പറയപ്പെടുന്നവരൊക്കെ യോജിച്ചിരിക്കുകയാണെന്നാണു തോന്നുക. ഇന്ത്യയിലെ മുസ്‌ലീമുകളെ നവീകരിക്കുന്നതിനു എതിരാണ് കോൺഗ്രസ്സ്കക്ഷിയെന്നു്,വാസ്തവത്തിൽ തെളിയിച്ചിട്ടുണ്ട്. കോൺഗ്രസ്സിനകത്തെ മുസ്‌ലീം നേതൃത്വത്തിന്റെ സ്വഭാവമാണ് ഈ നയത്തിന്റെ കാരണക്കാർ. ഈ നേതൃത്വത്തിൽ അധികവും യാഥാസ്ഥിതിക, പാരമ്പര്യ വാദികളായ ഉലേമകളാണുള്ളത്. കോൺഗ്രസ്സ് കക്ഷിയിലെ ഉന്നത നേതാക്കന്മാരിൽ ഇന്നും ഉലേമ ശക്തിയായ സ്വാധീനം ചെലുത്തുന്നുണ്ട്. മദ്ധ്യകാല രീതിവെച്ചു പുലർത്തുന്ന മുസ്‌ലീം നേതാക്കളിൽ നിന്നു ഉപദേശം സ്വീകരിക്കുന്നവരായ രാഷ്ട്രീയ നേതൃത്വത്തിനും ഭരണ നേതൃത്വത്തിനും മുസ്‌ലീം സമുദായത്തെ നവീകരിക്കാനാവില്ലെന്നതിൽ അത്ഭുതപ്പെടേണ്ട. ഇന്ത്യയിലെ ഇസ്‌ലാം, ഇസ്‌ലാമിന്റെ ഏററവും അപരിഷ്കൃത രൂപത്തിലുള്ള ദേശാന്തര ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിലനിൽക്കുന്നത്. ഇതുതന്നെയാണ്, പ്രവാചകൻ വിമർശിക്കപ്പെട്ടപ്പോഴെല്ലാം ബാക്കി മുസ്‌ലീം ലോകത്തിലൊരിടത്തും ഇല്ലാത്ത വിധം ഇന്ത്യയിലെ മുസ്‌ളീമുകൾ പ്രസ്ഥാനങ്ങളും പ്രക്ഷോഭണങ്ങളും ആരംഭിക്കുന്നത്. ഇന്ത്യയാണ് ഇപ്പോഴും ഖിലാഫത്ത് കമ്മററിയുടെ ആസ്ഥാനം. അറബികൾക്കനുകൂലമായ നയം ഗവർമ്മെണ്ടിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനു വേണ്ടി കഴിയാവുന്നത്ര സമ്മർദ്ദം ദേശാന്തര ഇസ്‌ലാമിക ചിന്താഗതിക്കാർ ചെലുത്തുന്നുണ്ട്. പാക്കിസ്ഥാനും, ഇറാനും, തുർക്കിയും സൗദിഅറേബിയയും തമ്മിലുണ്ടാക്കിയിട്ടുള്ള ഇസ്‌ലാമിക ഉടമ്പടിയെ ന്യായീകരിക്കുന്നതിനു ഇന്ത്യയിലെ മുസ്‌ലീമുകൾ ശക്തിയായി ശ്രമിക്കുന്നുണ്ട്. ഇന്ത്യയുടെ താൽപ്പര്യത്തിനു വിരുദ്ധമാണ് ഈ ഉടമ്പടിയെന്നു അറിയുമായിരുന്നിട്ടും ഇങ്ങനെ ചെയ്യുന്നുണ്ട്. അറബികൾക്ക് പിന്തുണ നൽകുന്ന നയത്തെ എതിർക്കുന്ന ഭാരതനേതാക്കളെയെല്ലാം ''രാജ്യദ്രോഹി''കളായാണ് ജമാഅത്ത്-എ-ഉലേമ-ഇ. ഹിന്ദിന്റെ സെക്രട്ടറിയായ മൌലാനാ ആസാദ് മദ്നി ചിത്രീകരിക്കുന്നത്. മദ്നിയും അദ്ദേഹത്തെപ്പോലുള്ള മററുമുസ്ലീമുകളും വിചാരിക്കുന്നത് ഇന്ത്യയോടുള്ള സ്നേഹത്തിന്റെയർത്ഥം എല്ലായിടത്തുമുള്ള മുസ്ലീമുകളെ സ്നേഹിക്കുകയെന്നാണ്. അങ്ങിനെ അറബികൾക്കുവേണ്ടി ഇന്ത്യയിൽ നൂറും ആയിരവും കണക്കിനു രൂപ ശേഖരിക്കപ്പെടുന്നു. എന്നിട്ടും അതേസമയം, പാക്കിസ്ഥാനുമായുള്ള യുദ്ധത്തിൽ ചരമമടയുകയും സൈനിക നേട്ടത്തിനുള്ള ഏററവും വലിയ സമ്മാനമായ പരമവീരചക്രം നേടുകയും ചെയ്ത മുസ്ലീം യോദ്ധാവായ അബ്ദുൾഹമീദ് ഹഷമിനെ ഇന്ത്യയിലെ മുസ്ലീം സംഘടനകളെല്ലാം അവഗണിക്കുന്നു.

ഇന്ത്യയിൽ മത സ്വാതന്ത്ര്യം അനുവദിക്കുകയില്ലെന്നു ഇന്ത്യയിലെ മുസ്‌ളീം നേതാക്കൾ കൂടെക്കൂടെ പരാതിപ്പെടുന്നുണ്ട്. ഹിന്ദു ഭൂരിപക്ഷം തങ്ങളോട് അനീതി കാണിക്കുന്നുവെന്നു അവർ പറയുന്നു. ഇസ്‌ളാമിനെക്കുറിച്ച് അവരുടെ നിർവ്വചനം തലതിരിഞ്ഞതും വിചിത്രവുമാണെന്നു മനസ്സിലാക്കാൻ അവർക്കു സാധിക്കുന്നില്ല. കാരണം ഈ നേതാക്കൾ കരുതുന്നതു'', ഇന്ത്യയിലെ മുസ്‌ളീമുകളോടുള്ള ഏററവും കടുത്ത അനീതി, ഈ രാജ്യത്ത് ഹിന്ദുക്കൾക്കാണ് ഭൂരിപക്ഷമെന്ന കാര്യം തന്നെയാണ്.

# നഷ്ടപരിഹാര കാര്യത്തിൽ തിരിച്ചു പോക്ക്


## എസ്സ് മോഹൻകുമാരമംഗലം


(കഴിഞ്ഞ ലക്കത്തിലെ തുടർച്ച)

ഭരണഘടനാ നിർമ്മാണ സഭയിൽ 31-ാം ഖണ്ഡിക സംബന്ധിച്ചുണ്ടായ ധാരണക്കു കടക വിരുദ്ധമായിരുന്നു ബേലാ ബാനർജിയുടെ കേസിൽ സുപ്രീം കോടതി പ്രസ്താവിച്ച വിധി. ഭരണഘടനയെ മറികടക്കുന്ന തരത്തിൽ നിയമ നിർമ്മാണസഭ പ്രതിഫല തത്വങ്ങൾ നിശ്ചയിക്കുന്നെങ്കിലോ, ഫലത്തിൽ പ്രതിഫലം മിഥ്യയാകുമ്പോഴോ അല്ലാതെ, കോടതിയുടെ അധികാരാതിർത്തിയിൽ പ്രതിഫല പ്രശ്നം വരുകയില്ലെന്നതായിരുന്നു ഈ ധാരണയെ സംബന്ധിച്ച വ്യക്തമായ കാര്യം. ഭരണഘടനാ നിർമ്മാണ സഭയുടെ ഈ അഭിപ്രായത്തെ കോടതി പരിഗണിച്ചതേയില്ല. പകരം പ്രതിഫലമെന്ന പദത്തിനു കോടതി നൽകിയ വ്യാഖ്യാനം 'പൂർണ്ണയളവിൽ നൽകുന്ന തുക'യെന്നും 'യഥാർത്ഥത്തിൽ തുല്യമായ തുക'യെന്നുമാണ്

ഭരണഘടനാ നിർമ്മാതാക്കൾ 31-ാം ഖണ്ഡികക്കു നൽകിയ വ്യാഖ്യാനം കോടതി തിരസ്കരിച്ച നിലയാണ് പാർലിമെന്റിനു നേരിടേണ്ടി വന്നത്. മറിച്ച്, ഭരണഘടനാ നിർമ്മാണ സഭ ഉദ്ദേശിച്ചിട്ടില്ലാത്ത അധികാരം കോടതി തട്ടിയെടുത്തു. അതായത്, പ്രതിഫലമെന്ന നിലയിൽ വിപണി വിലയോ, തുല്യ വിലക്കുള്ള തുകയോ സ്വത്തിനു പകരമായി നൽകിയിട്ടുണ്ടോ എന്നു നിർണ്ണയിക്കാൻ കോടതിക്ക് അധികാരമുണ്ടെന്ന നില വന്നുചേർന്നു. പാർലിമെന്റ് അതുകൊണ്ട് ഭരണഘടനക്കു 4-ാം ഭേദഗതി പാസ്സാക്കി. 31(2)-ാം ഖണ്ഡിക ഇങ്ങനെയാണ്.

പൊതു ആവശ്യത്തിനുവേണ്ടി നിയമം അധികാരപ്പെടുത്തുന്ന തനുസരിച്ചല്ലാതെ സ്വത്ത് നിർബ്ബന്ധപൂർവ്വം എടുക്കാവുന്നതല്ല. സ്വത്തെടുക്കാൻ അധികാരപ്പെടുത്തുന്ന നിയമത്തിൽ എടുക്കുന്ന സ്വത്തിനു പ്രതിഫലമായി നൽകുന്ന തുക നിജപ്പെടുത്തിയിരിക്കുകയോ, സ്വത്തെടുക്കുന്ന രീതിയും പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള തത്വങ്ങളും വ്യവസ്ഥ ചെയ്തിരിക്കുകയോ വേണ്ടതാണ്. നിശ്ചയിച്ചിട്ടുള്ള പ്രതിഫലം അപര്യാപ്തമാണെന്ന കാരണം പറഞ്ഞ് അത്തരത്തിലുള്ള നിയമം കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ല!.

സാധാരണക്കാരനു ഇതിനു അർത്ഥം വളരെ വ്യക്തമായിരുന്നു. അതായത് പ്രതിഫലം കൊടുക്കുന്നതിനുള്ള തത്വങ്ങൾ വ്യവസ്ഥ ചെയ്തിരിക്കണം. അല്ലെങ്കിൽ തുക നിശ്ചയിച്ചിരിക്കണം. എങ്ങിനെയായാലും പ്രതിഫലം അപര്യാപ്തമാണെന്ന കാരണത്താൽ തത്വങ്ങളോ തുകയുടെ തോതോ കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ല.

ഭരണഘടനയുടെ 31-ാം ഖണ്ഡിക കോടതി കൈകാര്യം ചെയ്തതിന്റെ അടുത്ത അദ്ധ്യായം രണ്ട് വിധികളിൽ കാണാം. ഒന്നാമത്തേത് വജ്രവേലു മുതലിയാരും മദിരാശി സ്റ്റേറ്റും തമ്മിലുള്ള കേസാണ്. (1965 ഐ. എസ്സ്. സി. ആർ. 614) രണ്ടാമത്തേത് ഗുജറാത്ത് സ്റ്റേറ്റും ശാന്തിലാൽ മംഗൽ ദാസും തമ്മിലുള്ള കേസാണ്. (1967 ഐ, എസ്സ്. സി. ആർ. 255) ഒന്നാമത്തെ വിധിവഴിയായി നാലാം ഭേദഗതിക്കു ശേഷവും ഭരണഘടനയുടെ ഉറപ്പ് പാലിക്കപ്പെടണമെങ്കിൽ, സ്വത്തിനു തത്തുല്യമായ തുക ഉടമസ്ഥനു നൽകിയിരിക്കണമെന്നു കോടതി തീരുമാനിച്ചു. അതേസമയം, ഏതാണ്ട് പരസ്പര വിരുദ്ധമെന്നു തോന്നിക്കും വിധം കോടതി മറ്റൊരു കാര്യവും പറഞ്ഞു. സ്വത്തിന്റെ പൂർണ്ണവില നിശ്ചയിക്കുന്നതിലെ ഏതെങ്കിലുമൊരു ഘടകം (ഈ കേസിൽ സ്വത്തിനു ഭാവിയിൽ ഉണ്ടായേക്കാവുന്ന ഉപയോഗവും വിലയും) അവഗണിക്കപ്പെട്ടിരിക്കുന്നുവെന്ന കാരണംകൊണ്ട് മാത്രം കോടതി നിയമം റദ്ദാക്കുകയില്ലെന്നാണ് പറഞ്ഞത്. അങ്ങിനെ വജ്രമുതലിയാരുടെ കേസിൽ, സ്വത്തിന്റെ തുല്യമായ വില ഉടമസ്ഥനു നൽകുന്നുവെങ്കിൽ മാത്രമേ ഭരണഘടനയിലെ ഉറപ്പ് പാലിക്കപ്പെടുകയുള്ളുവെന്നു കോടതി നിശ്ചയിച്ചു. പൂർണ്ണവില കണക്കാക്കുന്നതിൽ ഒരു ഘടകം കണക്കാക്കിയില്ലെങ്കിലും വിരോധമില്ലെന്നും അങ്ങിനെ കണക്കാക്കിയിരുന്നാലും നിയമം റദ്ദാക്കപ്പെടുകയില്ലെന്നും തീരുമാനിച്ചതുവഴി കോടതി സ്വന്തം അഭിപ്രായത്തിൽ നിന്നു തിരിച്ചു പോരുകയും ചെയ്തു.

വജ്ര മുതലിയാരുടെ കേസിൽ പ്രസ്താവിച്ചതു പോലെ തുല്യമായ വില പ്രതിഫലമായി നൽകണമെന്നും പ്രസ്താവിച്ചത് ശരിയായില്ലെന്നു ശാന്തിലാൽ മംഗൾ ദാസിന്റെ കേസിൽ സുപ്രീം കോടതി തീരുമാനിച്ചു. കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടു "ഭേദഗതിക്കുമുമ്പ് 31 (2)-ാം ഖണ്ഡികയിൽ 'പ്രതിഫലം' എന്നുപറഞ്ഞതിനു അർത്ഥം എന്തുതന്നെയായാലും ശരി, ഭേദഗതി വഴി പാർലിമെന്റ് പറഞ്ഞിട്ടുള്ളതിതാണ്. "നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രതിഫലത്തിന്റെ തോത് അപര്യാപ്തമാണെന്നതിനാൽ നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ലെന്നാണത്'' പ്രതിഫലം നിശ്ചയിച്ച തുകയോ, പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള തത്വങ്ങൾ ഉപയോഗിച്ച് നിർണ്ണയിച്ച തുകയോ നൽകുന്നതുകൊണ്ട് ഉടമസ്ഥനു എടുക്കുന്ന സ്വത്തിനു തുല്യമായ വില കിട്ടുന്നുണ്ടോ എന്ന പ്രശ്നം അന്വേഷിക്കുന്നതിൽ നിന്നു കോടതിയെ ഒഴിച്ചു നിർത്തുകയാണ് ഇതിന്റെ ഉദ്ദേശം.''

അതിനുപുറമെ മെറ്റൽ കോർപ്പറേഷന്റെ കേസിൽ കോടതി പ്രസ്താവിച്ച ഒരു വിധിയെ മറികടക്കുക കൂടിയാണ് ശാന്തിലാൽ മംഗൽദാസിന്റെ കേസിലുണ്ടായത്. കോർപറേഷന്റെ കേസിൽ തേമാനം ബാധിച്ച യന്ത്രത്തിന്റെ വില കണക്കാക്കി നൽകിയ പ്രതിഫലം 'തുല്യവില'യാകുന്നില്ലെന്ന കാരണത്താൽ റദ്ദാക്കപ്പെടുകയാണുണ്ടായത്. അങ്ങിനെ ശാന്തിലാൽ മംഗൾ ദാസിന്റെ കേസിൽ, സുപ്രീം കോടതി, ആദ്യമായി ഭരണഘടനാ നിർമ്മാണ സഭയുടേയും പിന്നീട് പാർലിമെന്റിന്റേയും സമീപനവും ധാരണയും അനുസരിച്ച് നിയമ വ്യാഖ്യാനം നൽകിയതായി തോന്നി.

## തിരിച്ചുപോക്ക്

പക്ഷെ ബാങ്ക് ദേശസാൽക്കരണക്കേസിൽ ഈയഭിപ്രായം തന്നെയാണ് ചോദ്യം ചെയ്യപ്പെട്ടത്. ചോദ്യത്തിലുണ്ടായ തീർപ്പ്, ബേലാബാനർജിയുടെ കേസിന്റെ.

### ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെന്റ് റോഡ്, എറണാകുളം' എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല.

യവസരത്തിൽ ഉണ്ടായ നിലപാടിലേക്ക നമ്മെ തിരിച്ചുകൊണ്ടു് പോകുകയും ചെയ്യുന്നു. 'പണമായി തുല്യവില' നൽകണമെന്നതാണ് പ്രതിഫലമെന്ന വാക്കിൻെറ യർത്ഥം. എന്നയഭിപ്രായമാണ് സുപ്രീം കോടതി വിധിയിൽ ഒരിടത്തു് പറയുന്നത്. മററൊരിടത്ത് കൈമാറുന്ന സ്വത്തിൻെറ തുല്യവിലയെന്നും പറഞ്ഞിരിക്കുന്നു. അങ്ങിനെ, വിധിന്യായത്തിലെ ദീർഘമായ ചർച്ചകളൊക്കെ ഒഴിവാക്കി നോക്കിയാൽ കാണുന്നത്, 'പ്രതിഫലം,മെന്ന വാക്കിനു സ്റ്റേററ് എടുക്കുന്ന സ്വത്തിനു പണമായി നൽകുന്ന തുല്യവില എന്ന നിലയിലേക്ക തിരിച്ചുപോയിരിക്കുന്നുവെന്നാണ്.

ഭരണഘടന 31 (2) -ാം ഖണ്ഡികയിലെ വാക്കുകൾക്ക് കോടതി അധര സേവനം നടത്തുന്നുണ്ടു്. പ്രതിഫലത്തിൻെറ അപര്യാപ്തത സംബന്ധിച്ച പ്രശ്നം കൈകാര്യം ചെയ്യാൻ കോടതിക്കവകാശമില്ലെന്നും പറയുന്നു. പക്ഷെ പ്രതിഫലമെന്ന പദത്തിനു തുല്യവിലയെന്നും തുല്യമായി പണമെന്നും കോടതി വ്യാഖ്യാനം നൽകുന്നു. കൈമാറുന്ന സ്വത്തിനു തുല്യമായ പണം നൽകുന്നതിനിടയാക്കുന്ന തത്വങ്ങളാണോ പ്രതിഫലം നിശ്ചയിക്കാനുള്ള വ്യവസ്ഥയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നു കോടതി പരിശോധിക്കുന്നു. പിന്നെ പ്രതിഫലത്തിൻെറ പര്യാപ്തതയോ അപര്യാപ്തതയോ നിശ്ചയിക്കുന്ന ജഡ്ജിമാർക്ക വേറെ വല്ലതും ആവശ്യമുണ്ടോ?

കോടതി അഭിപ്രായപ്പെട്ടിരിക്കുന്ന 'എടുക്കാൻ പോകുന്ന സ്വത്തിൻെറ പ്രതിഫലം നിർണ്ണയിക്കുന്നതിനു പാർളിമെൻററ് വ്യവസ്ഥ ചെയ്യുന്ന തത്വങ്ങൾ പൂർണ്ണമാണെന്നു കരുതാൻ ഞങ്ങൾക്ക നിർവ്വാഹമില്ല. ഈയഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ, പാർളിമെൻറിനു സ്വേച്ഛാധികാരം നൽകലായിരിക്കും. നിയമനിർമ്മാണ നടപടികൾ വഴി, പ്രതിഫലത്തിനുള്ള യവകാശത്തിനു ഭരണഘടന നൽകുന്ന ഉറപ്പ് ഗുരുതരമായി ലംഘിക്കപ്പെടുകയും ചെയ്യും.'

പാർളിമെൻറിൻെറ 'സ്വേച്ഛാനികാര,' വിധിയോഗത്തെപ്പററി കോടതിക്കുള്ള ഉൽക്കണ്ഠ കൊള്ളാം. പക്ഷെ പ്രതിഫലം മിഥ്യയാകുമ്പോഴോ, ഭരണഘടനയെ മറികടക്കാൻ ശ്രമിക്കുമ്പോഴോ അല്ലാതെ കോടതിയുടെ പരിരക്ഷ വേണ്ടത്'ല്ലെന്നു ശാന്തിലാൽ കേസിൽ ഉണ്ടായ ധാരണ മാത്രം പോരെ, പാർളിമെൻററ് ഉപയോഗിക്കാവുന്ന 'സ്വേച്ഛാധികാര,ത്തിൽ നിന്നു പൗരനെ സംരക്ഷിക്കാൻ?

പൌരൻെറയവകാശം ഉയർത്തിപ്പിടിച്ചുകൊണ്ടു് കോടതി അഭിപ്രായപ്പെട്ടിരിക്കുകയാണ്.

വില നിർണ്ണയിക്കുന്നതിൻെറ പിന്നിലുള്ള വിശാലമായ ലക്ഷ്യം ഉടമസ്ഥൻെറ സ്വത്തിനും അതിൽ നിലവിലുള്ള ഗുണാനുഭവത്തിൻേറയും അതിൽ നിന്നുകിട്ടാനിടയുള്ള മെച്ചങ്ങളുടേയും തുല്യമായ തുക നൽകലാണ്. എടുക്കുന്ന സ്വത്തിനു നിശ്ചിതമായ വിപണിയുണ്ടെങ്കിൽ, വില നിർണ്ണയകാര്യത്തിൽ വിഷമമൊന്നുമില്ല. സ്വത്തിനു നിശ്ചിതമായ വിപണിയൊന്നുമില്ലെങ്കിൽ, വില നിർണ്ണയിക്കുന്നതിൻെറ ലക്ഷ്യം ഉടമസ്ഥൻ നഷ്ടപ്പെടുന്നതിൻേറയും സ്വത്ത് കാരണം നിലവിൽ അയാൾക്കുണ്ടായിരുന്നതും ഭാവിയിൽ വരാനിടയുള്ളതുമായ മെച്ചങ്ങളുടേയും വില കണക്കാക്കി പ്രതിഫലം നൽകലാണ്, സ്വത്തു് എടുക്കുന്നതിൻെറ അടിയന്തിര സ്വഭാവമോ, സ്വത്ത് കൈവിടുന്നതിൽ ഉടമസ്ഥനുള്ള വിമുഖതയോ, സ്വത്ത് എടുക്കുന്നയാൾക്ക അതുകൊണ്ടു് ഉണ്ടാകാനിടയുള്ള മെച്ചങ്ങളോ കണക്കാക്കേണ്ടതില്ല.'

എന്താണിതിൻെറയർത്ഥം? സ്വത്ത് കൈവിട്ടുപോകുന്ന ഉടമസ്ഥനു സ്വത്തിനു തുല്യമായി പണം നൽകിയെന്ന നിഗമനത്തിൽ എത്തിച്ചേരാവുന്ന തത്വമല്ലെങ്കിൽ, പ്രതിഫലം നൽകാനുള്ള ഏതു തത്വവും അപ്രസക്തമെന്നോ, (മിഥ്യയെന്നോ) കരുതപ്പെടുമെന്നല്ലേയർത്ഥം?

## അസാധാരണ തത്വം

പ്രതിഫലം നിർണ്ണയിക്കുന്നതിനു കോടതിയുടെ വിധിയിൽ ആറു പ്രധാന മാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. ഒന്നാമതായി വിവാദപരമായ സ്വത്തിനോട് താരതമ്യപ്പെടുത്താവുന്ന മറേറതെങ്കിലും സ്വത്ത് വിററവില, രണ്ടാമതായി സ്വത്തിൻെറ വാർഷികാദായത്തിൽ നിന്നുള്ള മൂലധനം സ്വരൂപിക്കൽ. മൂന്നാമതായി സത്ത് ഒരു വീടാണെങ്കിൽ, അതേപോലെ മറെറാരു വീടു് നിർമ്മിക്കാനുള്ള ചിലവ്. നാലാമതായി സ്വത്തിൽനിന്നു ഉടമസ്ഥനെ മററൊരിടത്ത് പുനരധിവസിപ്പിക്കുന്നുവെങ്കിൽ പുനരധിവാസത്തിനുള്ള നീതിപൂർവമായ ചെലവിൻെറ അടിസ്ഥാനത്തിൽ പ്രതിഫലം കണക്കാക്കണം. അഞ്ചാമതായി സ്വത്തുകൊണ്ടുള്ള ഉപയോഗവും സാമ്പത്തിക പ്രയോജനവും നഷ്ടപ്പെടുന്ന സന്ദർഭത്തിൽ ഭൂമിയുടേയുംഅതിൻെറ മേലുള്ള നിർമ്മിത വസ്തുക്കളോരോന്നിൻെറയും വില. ആറാമതായി എടുക്കുന്ന സ്വത്ത് ഒരു ഘടകമായി വില കണക്കാക്കണമെങ്കിൽ, കമ്പനിയുടെ വിവിധ ആസ്ഥികളുടെ വില ഒന്നാകെ കണക്കാക്കിയാലും കമ്പനിയുടെ വിലയാകണമെന്നില്ല. ഇത് വില നിർണ്ണയിക്കാനുള്ള മാർഗങ്ങൾ മാത്രമല്ലാ എന്നാണ് കോടതി പറയുന്നതു്. നിർദിഷ്ട തത്വത്തിൻെറ പണവിലയിലേക്കു നയിക്കുന്നോ ഇല്ലയോ എന്നൊന്നു നോക്കാതെ തന്നെ, നിർദ്ദിഷ്ട തത്വത്തെ കുറിച്ചു് കോടതി തീരുമാനമെടുക്കുമെന്നാണ് ഈ അഭിപ്രായത്തിൻെറ സാരം.

കഴിഞ്ഞ 20 വർഷമായി പാർളിമെൻറിലും ഭരണഘടനാ നിർമ്മാണസഭയിലും ശരിയെന്നു കരുതപ്പെട്ടതും ചർച്ച ചെയ്യപ്പെട്ടതും നിഷേധിക്കുന്നതാണ് ഈ പ്രസ്താവനകൾ. അതിനും പുറമെ ഈ വിധിയിൽ കോടതി ബേലാബാനർജിയുടെ കേസിൽ നിന്നും പുറകോട്ട് പോയി വിധി നിർണ്ണായക പ്രാധാന്യമുള്ള ഖണ്ഡിക ഇതാ.

''നിയമം പ്രതിഫലമായി നിശ്ചയിക്കുന്നതെന്തിനെപ്പററിയും തീർപ്പുകൽപ്പിക്കുന്നതു്, സ്വത്ത് കൈമാറുന്ന തീയതിക്ക പ്രതിഫലം നൽകുന്നതിനെ പണവില കണക്കാക്കേണ്ടതാണ്. വാണജ്യനിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ പലിശനിരക്ക് കുറവാണെങ്കിൽ കടപത്രത്തിൻെറ നിലവിലുള്ള വില കുറയുന്നതാണ്. ഭരണഘടന പ്രതിഫലം ലഭിക്കാൻ അവകാശം നൽകുന്നുണ്ടു്. കൈമാറുന്ന സ്വത്തിൻെറ തുല്യ വിലയാണു് പ്രതിഫലം. പ്രതിഫലത്താനുള്ളയവകാശത്തെ, നിലവിലുള്ള വിപണിവിലയുമായി ന്യായമായ തരത്തിൽ പൊരുത്തപ്പെടാത്ത വായ്പയായിമാററാവുന്നതല്ല. പ്രതിഫലം നൽകുന്നതിലുള്ള വ്യവസ്ഥകളിൽ, കടപത്രംനൽകാനുള്ള പദ്ധതി ഏർപ്പെടുത്തുകയും, നൽകുന്ന പ്രതിഫലത്തിൻെറ നിലവിലുള്ള വില കാര്യമായിക്കുറക്കുകയും ചെയ്യുന്നുവെങ്കിൽ, നിയമം പ്രതിഫലത്തിനുള്ളയവകാശത്തെ ലംഘിക്കുകയാണ്.''

പ്രതിഫലമായി നൽകുന്ന ഏതു ഈടിനും തീർപ്പുകൽപ്പിക്കാനുള്ളയധികാരം സുപ്രീംകോടതി ഇപ്പോൾ കീഴ്കോടതികൾക്ക കൊടുത്തിരിക്കുകയാണ്. നിലവിലുള്ള വിപണിവിലയുമായി വ്യക്തമായും പൊരുത്തപ്പെട്ടുപോകുന്നതാണോ പ്രതിഫലം എന്നു തീരുമാനിക്കാനും കോടതികൾ

ക്ക് അധികാരം നൽകിയിരിക്കുന്നു.

മറെറാരിടത്തെ കോടതി പറയുന്നു.

"പല വർഷങ്ങൾക്കു ശേഷം പണം കിട്ടുന്നതും പലിശ കൂടി കണക്കാക്കിയിട്ടുള്ളതും ആയ കടപത്രങ്ങൾ സ്വത്ത് നഷ്ടപ്പെടുന്ന ഉടമസ്ഥനു പ്രതിഫലമായി നൽകുന്നുവെങ്കിൽ ഭരണഘടന നൽകുന്ന ഉറപ്പ് പാലിക്കപ്പെടുന്നുവെന്നർത്ഥമില്ലെന്നു മാത്രം പറഞ്ഞാൽ മതി. മുഖവിലയോട് ഏകദേശം തുല്യമല്ലാ കടപത്രങ്ങളുടെ വിപണിവിലയെങ്കിലും, സ്വത്ത് കൈവിടുന്ന ഉടമസ്ഥൻ ഭരണഘടന 31(2) നൽകുന്ന ഉറപ്പ് ലംഘിച്ചതായി പരാതി ഉന്നയിക്കാവുന്നതാണ്.

അങ്ങിനെ, കടപത്രങ്ങളോ മററു തരത്തിലുള്ള ഈടോ നൽകുമ്പോൾ വിലക്കയററത്തെയും, അതുവഴിയായി പണത്തിന്റെ മൂല്യം ഇടിയുന്നതിനേയും പാർളിമെൻറ് കണക്കാക്കണമെന്നു കോടതി അർത്ഥശങ്കക്കിടകൊടുക്കാതെ പ്രഖ്യാപിച്ചിരിക്കയാണ്. ബാങ്ക് ദേശവൽക്കരണകേസിലെ വിധിവരെ, ഇങ്ങനെയൊരു അസാധാരണ തത്വം ഒരു കോടതിയും ഉന്നയിക്കാൻ ശ്രമിച്ചിട്ടില്ല. ഇതിന്റെയർത്ഥം പ്രതിഫലം അവസാനം പത്തോ, ഇരുപതോ വർഷത്തിനുശേഷം നൽകുന്നയവസരത്തിൽ വിലക്കയററവും അതുകൊണ്ട് പണത്തിന്റെ മൂല്യത്തിലുണ്ടായ കുറവും കണക്കിലെടുക്കണമെന്നാണ്.

## പാർളിമെൻറിനെ പരാജയപ്പെടുത്തുന്നു

ഭരണഘടനാ നിർമ്മാണസഭയിൽ കെ. ടി. ഷായും മററംഗങ്ങളും നിരദ്ദേശിച്ച സമീപനത്തെ സുപ്രീംകോടതി വിധി സമ്പൂർണ്ണമായി നിഷേധിച്ചിരിക്കയാണ്. ഉടമസ്ഥന്റെ കൈവശത്തിൽ സ്വത്തിരുന്ന കാലത്ത് അതു് എങ്ങിനെ ഉപയോഗപ്പെടുത്തിയിരുന്നുവെന്ന കാര്യം പരിഗണിക്കാൻ പാർളിമെൻറിനു അധികാരമുണ്ടായിരിക്കണമെന്നാണ് ഷാ ആഗ്രഹിച്ചതു്. ലളിതമായ ഉദാഹരണം തോട്ടങ്ങളുടെ കാര്യമാണ്. സ്വത്തിന്റെ മൂലധന വിലയെക്കാൾ എത്രയോ ഇരട്ടിയിരട്ടി ആദായം തോട്ടയുടമസ്ഥന്മാർ ഉണ്ടാക്കിക്കഴിഞ്ഞു. സ്വത്തിന്റെ വിലയെക്കാൾ വളരെ ഇരട്ടി ലാഭം ഉടമസ്ഥനു ഉണ്ടായിക്കഴിഞ്ഞുവെന്ന കാര്യം പരിഗണിക്കാതെ തോട്ടമുടമകൾക്കും സ്വത്തിന്റെ സമ്പൂർണ്ണ വില നൽകണമെന്നാണോ പറയുന്നതു്?

പൊതുതാല്പര്യത്തിനു വിഘാതമാകുംവണ്ണം ഉൽപാദനയുപകരണങ്ങളും ധനവും കേന്ദ്രീകരിക്കുന്നതിനിടയാകാത്തവണ്ണം സാമ്പത്തിക സംവിധാനത്തിന്റെ പ്രവർത്തനം നടത്തേണ്ടതാണ് "(39 ാം ഖണ്ഡിക) എന്നു ഭരണഘടനയിലെ നിർദ്ദേശതത്വങ്ങൾ അനുശാസിക്കുന്നുണ്ട്. സ്വത്തെടുക്കുകയും, പൊതുതാൽപ്പര്യത്തിനു എതിരായി വരാവുന്നവിധം ഉപയോഗം നടത്തുന്നത് നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്യാതെ, ചുരുക്കം ചില വ്യക്തികളുടെ കയ്യിലുള്ള വമ്പിച്ച സ്വത്തു് കുറക്കാൻ വേണ്ടി സ്റ്റേററിനു എങ്ങിനെയാണ് പ്രവർത്തിക്കാനാവുക? സ്റ്റേററ് അത്തരത്തിലുള്ള നടപടിയെടുക്കുമ്പോഴെല്ലാം, പൂർണ്ണമായ വിപണി വില പ്രതിഫലമായി നൽകണമെന്നു വന്നാൽ, ഫലത്തിൽ ധനം കേന്ദ്രീകരിക്കുന്നതു്" പഴയ പടി തുടരുന്നതാണ്.

സുപ്രീം കോടതിയുടെ ഈ വിധി നമ്മുടെ നാട്ടിലെ നിയമമായി തുടരുന്നുവെങ്കിൽ, നമ്മുടെ ജനലക്ഷങ്ങൾ കൈവരുത്തണമെന്നാഗ്രഹിക്കുന്ന ജനാധിപത്യ സോഷ്യലിസ്റ്റ് ക്രമത്തിലേക്കുള്ള മുന്നേററത്തിനുള്ള ശ്രമങ്ങൾക്കു ഏററവും വലിയ തടസ്സമായിരിക്കും അതു്.

മൂന്നു വർഷം മുമ്പ് ഗോലക്നാഥിന്റെ കേസിൽ, മൌലികാവകാശങ്ങളെക്കുറിച്ചുള്ള അദ്ധ്യായത്തിനു (ഭരണഘടനയുടെ 31 ാം ഖണ്ഡികയുൾപ്പെടെയുള്ള മൂന്നാം ഭാഗം) പാർളിമെൻറിനു ഭേദഗതി ചെയ്യാവുന്നതല്ലായെന്നു സുപ്രീം കോടതി വിധി. ഈ വിധിയുടെ ഫലം, 1949 ഭരണഘടനാ നിർമ്മാണസഭയും 1956 ൽ പാർളിമെൻറും കൈവരുത്തണമെന്നാഗ്രഹിച്ചതെന്തോ അതു്, നേടുന്നതിനു വേണ്ട ഭരണഘടന ഭേദഗതി ചെയ്യുന്നതിനു പാർളിമെൻറിനു അധികാരമില്ലാതാക്കുകയാണ്. ജനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെട്ട പാർളിമെൻറ് നടപ്പാക്കുന്നതിനു പ്രതിജ്ഞാബദ്ധമായ നയം നടപ്പാക്കുന്നത് അസാദ്ധ്യമാക്കിത്തീർക്കുകയാണ് സുപ്രീം കോടതി ഗോലക് നാഥിന്റെ കേസിലും റസ്റ്റം കൂപ്പറുടെ കേസിലും പ്രസ്താവിച്ച വിധികൾ കൊണ്ട് ചെയ്തിരിക്കുന്നത് ഫലത്തിൽ പാർളിമെൻറിൽ ജനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പ്രകടമാക്കിയ ഉദ്ദേശങ്ങളെ കോടതിവിധികൾ ആവർത്തിച്ചാവർത്തിച്ചു – പരാജയപ്പെടുത്തിയിരിക്കുന്നു. ഇതിനൊക്കെ മകുടം ചാർത്തികൊണ്ട്, പാർളിമെൻറിനു ഭരണഘടന ഭേദഗതി ചെയ്യാവുന്നതല്ലെന്നും കോടതി പറയുന്നു. ഏതൊരു ജനതയ്ക്കും നേരിടേണ്ടി വന്നിട്ടുള്ളതിൽ അസാധാരണമായ നിലയാണിത്. 31-ാം ഖണ്ഡിക, ഭരണഘടനാ വിധാതാക്കൾ ആദ്യം ഉദ്ദേശിച്ചിരുന്ന തരത്തിൽ മാററുന്നതിനു വേണ്ടി, ഭരണഘടനക്കു പുതിയ രൂപം കൊടുക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്ന പ്രശ്നത്തെ നമ്മുടെ ജനതയുടെ ഏററവും അടിയന്തിര കർത്തവ്യമാക്കിത്തീർക്കുകയാണ് സുപ്രീം കോടതി വിധി ചെയ്തിരിക്കുന്നത്.

## ഒട്ടുവിദ്യ പററില്ല

ഭരണഘടനാ നിർമ്മാണസഭയും നാലാം ഭേദഗതിയും കൈവരുത്താനുദ്ദേശിച്ച നേട്ടങ്ങൾ സാധിക്കുന്നതിനു 31-ാം ഖണ്ഡികയിൽ എന്തെങ്കിലും ഒട്ടുവിദ്യ നടത്തിയാൽ പററുമോയെന്ന ചോദ്യമുണ്ടാകാം. കഴിഞ്ഞ 20 വർഷത്തെ സുപ്രീംകോടതിയുടെ പ്രവർത്തനത്തിൽ നിന്നുള്ള അനുഭവത്തിനുശേഷം ഞാൻ വിചാരിക്കുന്നതു് രാജ്യം നേടണമെന്നാഗ്രഹിക്കുന്ന ലക്ഷ്യം കൈവരുത്തുന്നതിനു ഒരു ഭേദഗതകൊണ്ടും സാധിക്കുകയില്ലെന്ന നിഗമനത്തിൽ നമുക്ക് ന്യായമായി എത്തിച്ചേരാവുന്നതാണ്. ആ ലക്ഷ്യം നേടുന്നതിനുള്ള ഏകമാർഗ്ഗം ഭരണഘടനയിൽ നിന്നു 31 ാം ഖണ്ഡിക എടുത്തുകളയുകയും പൊതുആവശ്യത്തിനുവേണ്ടി സ്വത്ത് എടുക്കുന്നതിനു ഗവർമ്മെണ്ടിനുള്ള അധികാരത്തിനു ഏകപരിമിതിയായി, പാർളിമെൻറ് പാസ്സാക്കുന്ന നിയമം വഴിയായിട്ടായിരിക്കണം സ്വത്തെടുക്കുന്നതു് എന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്യുകയാണ്.

സമൂഹത്തിന്റെ താൽപ്പര്യത്തിനുവേണ്ടി എപ്പോഴാണ് സ്വത്തെടുക്കേണ്ടതെന്നും, അങ്ങിനെ സ്വത്തെടുക്കുമ്പോൾ എന്തു പ്രതിഫലം നൽകണമെന്നും നിശ്ചയിക്കാൻ പാർലിമെൻറിനു അധികാരം നൽകുന്നതിനു നാം തയ്യാറാകണമെന്നാണ് ഈ നിർദ്ദേശത്തിന്റെ സാരാംശം. എന്തൊക്കെയായാലും നമ്മുടെ ജനങ്ങളാണല്ലോ ഏതു വഴിയിലൂടെയാണ് പുരോഗതി കൈവരുത്തേണ്ടതെന്നു തീരുമാനിക്കേണ്ടവർ. പാർളിമെൻറിലേക്കു തെരഞ്ഞെടുത്തയക്കുന്ന പ്രതിനിധികൾ വഴിയാണ് അവർ ഇതു് ചെയ്യുന്നത്. ജനങ്ങളാണ് പാർലിമെൻറിനെ തെരഞ്ഞെടുക്കുന്നതെന്നതിനാൽ ഈയധികാരം പാർലിമെൻറിനു കൊ

## കത്തുകൾ (6–ാം പേജ് തുടർച്ച)

സത്യസന്ധമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നവ വിരലിൽ എണ്ണുവാൻ പോലുമില്ലെന്നുള്ളതല്ലേ യാഥാർത്ഥ്യം? ജനങ്ങൾ വസ്തുതകളറിയരുത് എന്ന അലിഖിത നിയമമനുസരിച്ചാണവയുടെ പ്രയാണം. ലക്ഷക്കണക്കിനു കോപ്പികൾ വിററഴിയുന്ന പ്രസ്തുത പത്രങ്ങളുടെ വർഷങ്ങളായുള്ള നിരന്തരമായ പ്രചരണങ്ങളുണ്ടായിരുന്നിട്ടും അവയെ എല്ലാം അതിജീവിച്ചു ശക്തമായ ഒരു ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം ഈ രാഷ്ട്രത്ത് പടുത്തുയർത്തുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തവരുടെ കഴിവുകളുടെയും പ്രവർത്തനശേഷിയുടെയും മുമ്പിൽ ആദരവിൻെറ പൂക്കൾ അർപ്പിക്കുവാൻ ചിന്തിക്കുവാൻ കനിവുള്ള ഏതൊരുവരും തയാറാകുക തന്നെ ചെയ്യും.

കുട്ടനാട്ടിലെ കർഷതൊഴിലാളികളെക്കുറിച്ചുള്ള ലേഖനം വായിച്ചപ്പോൾ സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു സമീപനരീതി ഒരു മാർക്സിസ്റ്റിതരനിൽ നിന്നു ആദ്യമായി കേൾക്കുവാൻ സാധിച്ചു. കായൽ രാജാക്കന്മാരെ ലക്ഷപ്രഭുക്കളാക്കിയ മണ്ണിൻെറ മക്കൾ, അദ്ധ്വാനത്തിൻെറ ഉറവിടങ്ങൾ, കൂലി കൂടുതലാവശ്യപ്പെട്ടാൽ, അതിനായി പണിമുടക്കിയാൽ, കരിങ്കാലിപ്പണി നടത്തുന്നവരെ തടഞ്ഞാൽ അതക്രമമാണെന്നു പ്രചരിപ്പിക്കുന്ന മുതലാളിത്വത്തിൻെറ കറുത്ത ശക്തികൾക്കെതിരായി നിന്നുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ ന്യായമാണെന്നൊക്കെ പ്രഖ്യാപിച്ച രാജനെന്ന ലേഖകനെ ഞാനഭിനന്ദിക്കുന്നു.

വസ്തുതകളറിയുവാനുള്ള ആകാംക്ഷ വിജ്ഞാനത്തിനുവേണ്ടിയുള്ള ദാഹം ഇവ രണ്ടും ഇന്നത്തെ യുവജനങ്ങൾക്കില്ലെന്നുള്ളതാണു വാസ്തവം. അവർ വായിക്കുന്ന പത്രങ്ങൾ ഏററവും കൂടുതൽ പ്രചാരമുള്ള 'മാതൃഭൂമിയോ' മനോരമയോ ആയിരിക്കും. നിരന്തരമായി ആ പത്രങ്ങൾ വായിക്കുമ്പോൾ പ്രസ്തുത പത്രത്തിൻെറ രാഷ്ട്രീയ അഭിപ്രായങ്ങളുമായി അവർ ഒഴുകി ചേർന്നു പോകും. കെ. എസ്സ്. യു വിനും യൂത്തുകോൺഗ്രസിനും ഇത്രയധികം വളർച്ച ഉണ്ടായതും അതുകൊണ്ടുമാത്രമാണ്. പ്രചരണത്തിൽ കുടുങ്ങി പ്രസ്തുത സംഘടനയിലേക്കു വരുന്ന യുവാവ് കുറേനാൾ അതിനുവേണ്ടി പ്രവർത്തിച്ചെന്നിരിക്കും. അയാൾ സ്വന്തമായി ഒരു കുടുംബജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ, ജീവിതത്തിൻെറ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമായി അടുക്കേണ്ടിവരുമ്പോൾ, താൻ വിശ്വസിക്കുകയും പ്രവർത്തിക്കയും ചെയ്ത രാഷ്ട്രീയ പ്രസ്ഥാനമാണ് സാധാരണക്കാരൻെറ ജീവിതം ദുരിതപൂർണ്ണമാക്കുവാൻ മാത്രം ഉതകുന്ന 'സാമ്പത്തിക' വ്യവസ്ഥിതിക്കു ജന്മം നൽകിയവർ എന്നു മനസ്സിലാക്കുമ്പോൾ അവനെന്നന്നേയ്ക്കുമായി ആ പ്രസ്ഥാനവുമായി യാത്ര പറയുന്നു.

ഇതാണ് കേരളത്തിൽ സംഭവിച്ചതും സംഭവിക്കാൻ പോകുന്നതും. യൂത്ത് കോൺഗ്രസ്സിൻെറയും, കെ. എസ്. യു. വിൻെറയും ശക്തി പ്രചരണമാകുന്ന മഴയുണ്ടായ കുമിളകൾ മാത്രമാണ്. നിമിഷനേരത്തിനുള്ളിൽ ഉടഞ്ഞു പോകുന്ന കുമിളകൾ....

മുതലാളിത്വ സാമ്പത്തിക ശാസ്ത്രം അനുസരിച്ചു മുന്നോട്ടുപോകുന്ന എല്ലാ രാഷ്ട്രങ്ങളിലും തൊഴിലില്ലായ്മയുണ്ട്. സാമ്പത്തികമായ അസമത്വങ്ങൾ ഉണ്ട്. സോഷ്യലിസ്റ്റ്‌രാഷ്ട്രങ്ങളിൽ തൊഴിലില്ലായ്മ എന്ന പദം തന്നെ കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇവയെക്കുറിച്ചെല്ലാം ചിന്തിക്കുവാൻ എത്ര യുവാക്കന്മാർ തയ്യാറായിട്ടുണ്ട്?

ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ചു ചിന്തിക്കുവാൻ കഴിവുള്ളവർ പഠിക്കുകയും അവയുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കുംവേണ്ടി പ്രവർത്തിക്കുകയും ചെയ്യും ഭാരതത്തിൻെറ ഇന്നത്തെ ദയനീയമായമായ സ്ഥിതിവിശേഷത്തിനു കാരണക്കാർ മുതലാളിത്വ സാമ്പത്തിക വ്യവസ്ഥിതി നടപ്പിലാക്കിയ, നടപ്പിലാക്കുന്ന കേന്ദ്രഭരണാധികാരികളാണെന്ന വസ്തുത, പുരോഗമനത്തിൻെറ അവതാരങ്ങൾ എന്നു സ്വയം അവകാശപ്പെടുന്ന എത്ര യൂത്ത് കോൺഗ്രസ്സുകാർ മനസ്സിലാക്കിയിട്ടുണ്ട്. 'ജനാധിപത്യ സോഷ്യലിസം' എന്നു വിളിച്ചു കൂവുന്നതല്ലാതെ, ലോകത്തെവിടെയെങ്കിലും അത് പ്രായോഗികമാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്ന വസ്തുതയെക്കുറിച്ചു എത്ര യൂത്ത് കോൺഗ്രസ്സുകാർ ചിന്തിച്ചിട്ടുണ്ട്.

പ്രചരണത്തിൽ കുടുങ്ങി, അന്ധമായ മാർക്സിസ്റ്റ് വിരുദ്ധനയം സ്വീകരിച്ചിരിക്കുന്ന ആത്മാർത്ഥതയുള്ള ചെറുപ്പക്കാരെ നിഷ്പക്ഷവും സ്വതന്ത്രവുമായ ലേഖനങ്ങൾ വഴി 'ശരിയായ പുരോഗമന' വാദികളാക്കുവാൻ 'നിർണ്ണയ'ത്തിനു് -സാധിക്കും തീർച്ച– ഭാരതത്തിൻെറ ഭാവിഭാഗധേയം യുവാക്കളിൽ സുരക്ഷിതമാണ്.

എ. അബ്ദുൽ ജലീൽ,
നൗഷാദ്മൻസിൽ,

---

## നഷ്ടപരിഹാര കാര്യത്തിൽ തിരിച്ചുപോക്ക് (തുടർച്ച)

ടുക്കുന്നതിൽ ഒട്ടും ഭയപ്പെടേണ്ടതില്ല. പക്ഷെ, സുപ്രീംകോടതിയുടെ ഇപ്പോഴത്തെ വിധി രാജ്യത്തെ നിയമമായി തുടരാൻ അനുവദിക്കുകയെന്നതിൻെറയർത്ഥം, ഇപ്പോഴത്തെ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള ഏതു സാദ്ധ്യതയേയും തടുത്തു നിർത്താൻ കോടതിക്കു അധികാരം നൽകുകയെന്നാണ്. കോടതികൾ അവയുടെ നീതിന്യായത്തീർപ്പുകൾ വഴിയായി, ഭരണഘടനയുപയോഗിച്ച് സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരുത്തുന്നത് അസാദ്ധ്യമാക്കിയിട്ടുള്ളതുകൊണ്ട്, സോഷ്യലിസത്തോടു ആഭിമുഖ്യവും ആത്മാർത്ഥയുമുള്ള ഏതൊരാളും ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിക്കുന്നതിനു ഭരണഘടനക്കു പുറത്തും അതിനെ ലംഘിച്ചും പ്രവർത്തിക്കാൻ നിർബന്ധിതനാവുകയാണ്.

(അവസാനിച്ചു.)

കടപ്പാട്
ഇക്കണോമിക് ആൻറ് പൊളിററിക്കൽ വീക്കിലി

---

## കാഴ്ചപ്പാടുകൾ (4–ാം പേജ് തുടർച്ച)

ഗിച്ച് അമേരിക്കക്കാരായ സൈനികരാണ് ഇസ്റായേലിനു വേണ്ടിയും യുദ്ധം ചെയ്യുന്നതെന്നു ആരും അറിയുകയുമില്ല. യഹൂദ രാജ്യവാദവും സാമ്രാജ്യത്വവും കൈകോർത്തു പിടിച്ചു മുന്നേറുകയും ചെയ്യുന്നു.

ഇപ്പോൾ യുദ്ധവിജയത്തിൻെറ ലഹരി പിടിച്ച യഹൂദവാദികൾ അറബികൾക്കെതിരെ ഭീകര പ്രസ്ഥാനം അഴിച്ചുവിട്ടിരിക്കുകയാണ്. അറബി രാജ്യങ്ങളെ പാഠം പഠിപ്പിക്കുന്നതിനുവേണ്ടി അറബിഗ്രാമങ്ങളെ കൂട്ടമായി നിർമ്മാർജ്ജനം ചെയ്യുക, ഈജിപ്തിലേയും അയൽരാജ്യങ്ങളിലേയും വ്യവസായശാലകളും നഗരങ്ങളും ബോമ്പിട്ടു തകർക്കുക തുടങ്ങിയവ ഇസ്റയേലിൻെറ യുദ്ധകാര്യമന്ത്രി മോഷെദയാൻെറ പരിപാടിയാണ് ബഹർ എൽ ബക്കറിൽ നടന്നതും അതായിരിക്കണം. അങ്ങിനെ മർദ്ദനവും ഭീഷണതന്ത്രങ്ങളും കൊണ്ട് നാസ്സറിൻേറയും അറബി നേതാക്കളുടേയും മനോവീര്യം കെടുത്തി, ആദ്യം ഇസ്റയേലിനെ അംഗീകരിപ്പിപ്പാനും പിന്നെ അറേബിയാ മുഴുവനും സ്വന്തം വരുതിക്കു കൊണ്ടു വരാനും യഹൂദ രാഷ്ട്രവാദികൾ ഗൂഢാലോചന നടത്തു

ന്നു. അമേരിക്കയെപ്പോലുള്ള വൻകിട ശക്തികളുടെ പിന്തുണയും അവർക്കു കിട്ടുന്നുണ്ട്.

യഹൂദരാഷ്ട്ര വാദികളുടെ ഈ നിഗൂഢ തന്ത്രങ്ങളേയും വർഗ്ഗീയതയെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രസിദ്ധാന്തത്തേയും പരിഗണിക്കാതെ പശ്ചിമേഷ്യാ പ്രശ്നത്തിനു പരിഹാരം കാണാനാവില്ല. ലോകമെമ്പാടുമുള്ള യഹൂദർ ഒററരാഷ്ട്രമാണെന്ന സിദ്ധാന്തമാണ് ഇസ്റായേലിന്റെ ജനനത്തിലും ജീവിതത്തിലും അടിസ്ഥാനമായുള്ളതെന്നു വിസ്മരിച്ചുകൂടാ.

പഴയ നിയമത്തിലെ യഹൂദ ജനവാസങ്ങളുടെ സ്ഥലമെല്ലാം ഇസ്റായേൽ സ്വന്തമാണെന്നു കരുതുന്നതുകൊണ്ട് അതിർത്തികൾ നിശ്ചയിച്ചിട്ടുമില്ല. ഇതിനൊക്കെപ്പുറമെ സാമ്രാജ്യത്വ ശക്തികൾ അറബികൾക്കെതിരായി ഇസ്റായേലിനെ സഹായിക്കുകയും ചെയ്യുന്നു. പശ്ചിമേഷ്യാ പ്രശ്നത്തിന്റെ കാതലായ വശങ്ങൾ ഇവയൊക്കെയാണ്. അതുകൊണ്ടാണ് 1967 ലെ ആറുനാൾ പോരിനു ശേഷം വിജയികളായ ഇസ്റായേൽ ഭടന്മാർ ജറൂസലേമിലെ പുരാതന ദേവാലയത്തിന്റെ മതിലുകളിൽ കണ്ണുനീർ വീഴ്ത്തിക്കൊണ്ട് ആവേശപൂർവ്വം ചുംബിച്ചത്. ആ കണ്ണുനീരും ചുംബനവും യഹൂദരാഷ്ട്രവാദികളുടെ വർഗ്ഗീയത വിളിച്ചറിയിക്കുന്നതായിരുന്നു.

ഇതൊന്നും നമ്മുടെ നേതാക്കൾ കണക്കാക്കുന്നില്ലെന്നു തോന്നുന്നു. ചരിത്രപരമായ ഈ വസ്തുതകൾക്കു ഇന്ത്യയിൽ വേണ്ടത്ര പ്രചരണവും പ്രസിദ്ധിയും കിട്ടാത്തത് അതുകൊണ്ടാണ്. നമ്മുടെ വിദേശനയം കൈകാര്യം ചെയ്യുന്നവർക്ക് സാമ്രാത്വത്തോടോ, അന്താരാജ്യവർഗീയതയോടോ അല്ല എതിർപ്പെന്നു തോന്നും അവരുടെ നയം കണ്ടാൽ. അവർ എതിർക്കേണ്ടതെന്താണോ അതിനെ പ്രോത്സാഹിപ്പിക്കുകയാണ്. ഇസ്റായേലിന്റെ ജനനത്തിനും അയൽരാജ്യങ്ങൾക്കെതിരായി നടത്തുന്ന കടന്നാക്രമണങ്ങൾക്കും അടിസ്ഥാനകാരണം യഹൂദ രാഷ്ട്രവാദമാണെന്നിരിക്കെ നമ്മുടെ നേതാക്കൾ അന്താരാഷ്ട്ര വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നു. പശ്ചിമേഷ്യയിലെ ഇസ്റായേൽ - അറബി സംഘട്ടനത്തിനു യഹൂദ മുസ്‌ലിം സംഘട്ടനത്തിന്റെ നിറം നൽകുന്നു.

## അറബികളോട് എതിർപ്പ്

അൽഅക്സാ സംഭവത്തെ തുടർന്നു റബ്ബാത്തിൽച്ചേർന്ന മുസ്ലീം ഉന്നതതല സമ്മേളനത്തിലേക്കു ക്ഷണിക്കാതെ തന്നെ ഓടിച്ചെന്നു അപമാനിതരായി തിരിച്ചുപോരേണ്ടി വരുമ്പോൾ ഇന്ത്യയിലെ ജനതക്കു അറബികളോടും അറബി താല്പര്യങ്ങളോടും വിദ്വേഷം തോന്നുന്നതിൽ അത്ഭുതമില്ല. മുസ്ലീം വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പശ്ചിമേഷ്യാ പ്രശ്നം ഗവർമ്മെണ്ട് കൈകാര്യം ചെയ്തതിന്റെ ഫലമാണത്. ഇന്നത്തെ സ്ഥിതി വാസ്തവത്തിൽ ഇന്ത്യാ ഗവർമ്മെണ്ട് അറബികളെ പിന്താങ്ങുകയും ഇന്ത്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇസ്റായേലിനു പിന്തുണ നൽകുകയും ചെയ്യുന്നംവന്നാണ്.

ഇസ്റായേൽ അധീനപ്പെടുത്തിയ പ്രദേശത്തെ ഒരു മുസ്ലീം പള്ളിക്കു ആരോ തീ വെച്ചതിനെപ്പററി ചർച്ച ചെയ്യാൻ ഇസ്ലാമിക രാജ്യങ്ങളുടെ തലവന്മാർ ഒന്നിക്കുന്നിടത്ത് ഇന്ത്യക്കു ഒരു കാര്യവുമില്ല. റബ്ബത്ത് സമ്മേളനം മററു പല അന്താരാജ്യ പ്രശ്നങ്ങളും ചർച്ച ചെയ്യാനുള്ളതായിരുന്നുവെന്നൊന്നും പറഞ്ഞതുകൊണ്ട് കാര്യമില്ല. അടിസ്ഥാനപരമായി അതു ഇസ്ലാമിക രാജ്യത്തലവന്മാരുടെ സമ്മേളനമായിരുന്നു. ഇന്ത്യയിൽ ഏഴുകോടി മുസ്ലീമുകളുണ്ടെന്നതിനാൽ ഇന്ത്യക്കും താൽപ്പര്യമുണ്ടെന്നായിരുന്നു നമ്മുടെ വിദേശനയ വക്താക്കൾ പറഞ്ഞിരുന്നത്. അങ്ങിനെയാണെങ്കിൽ പാക്കിസ്ഥാൻ ഹിന്ദുക്കളുടെയും സിക്കുകാരുടെയും ക്ഷേത്രം നശിപ്പിക്കുന്നതിനെതിരായി ഇന്ത്യ ഹിന്ദുരാജ്യത്തലവന്മാരുടെ സമ്മേളനം വിളിച്ചുകൂട്ടുമോ?

വാസ്തവത്തിൽ മതേതര രാഷ്ട്രമായ ഇന്ത്യക്കു റബ്ബത്ത് സമ്മേളനത്തിൽ കാര്യമൊന്നുമുണ്ടായിരുന്നില്ല. എന്നിട്ടും ഇന്ത്യാ ഗവർമ്മെണ്ട് അവിടെ പോയി അപമാനിതമായി. ജൂതരാജ്യ വാദത്തേയും ലോകമെമ്പാടുമുള്ള ജൂതന്മാരുടെ താല്പര്യമാണ് ഇസ്റായേൽ പ്രശ്നമെന്ന വാദത്തേയും ചെറുക്കാനും പ്രചരിപ്പിക്കാനും സാദ്ധ്യതയുള്ള മതേതര രാജ്യമാണ് ഭാരതം. അതിനുപകരം അതൊന്നും പ്രചരിപ്പിക്കാതെ അന്താരാജ്യ ഇസ്ലാമിക ചിന്തയെ പ്രോത്സാഹിപ്പിക്കുകയാണ് ഇന്ത്യയുടെ നേതാക്കൾ. പുരോഗമനത്തിന്റെ പേരിൽ ഇന്ത്യയിലെ ഇടതുപക്ഷ കക്ഷികളും ഇതിനു കൂട്ടുനിൽക്കുന്നു.

## പാക്കിസ്ഥാൻ അറബികളുടെ ശത്രു

ഇന്ത്യയിൽ അറബികളുടെ ഏററവും വലിയ ശത്രു പാക്കിസ്ഥാനാണ്. ഈ ഉപഭൂഖണ്ഡത്തിലെ മുസ്ലീമുകളെല്ലാം ഒരു രാജ്യമാണെന്ന സിദ്ധാന്തമുന്നയിച്ച് സൃഷ്ടിച്ചതാണ് പാക്കിസ്ഥാൻ. പാലസ്തീനിന്റെ വിഭജനത്തേപ്പോലെ തന്നെ ഇന്ത്യാ വിഭജനവും വമ്പിച്ച തോതിൽ അഭയാർത്ഥി പ്രവാഹത്തിനിടയാക്കി. പാക്കിസ്ഥാൻ സൃഷ്ടിയേയും മുസ്ലിംലീഗിന്റെ മതാടിസ്ഥാനത്തിലുള്ള രാഷ്ട്രസിദ്ധാന്തത്തെയും ബ്രിട്ടീഷുകാർ യഹൂദരാഷ്ട്രസിദ്ധാന്തത്തെപ്പോലെ തന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. ഇന്നും സാമ്രാജ്യത്വശക്തികൾ പാക്കിസ്ഥാനെ പടക്കോപ്പുകൾ അണിയിക്കുന്നുണ്ട്. പാക്കിസ്ഥാന്റെയും മുസ്ലീം രാജ്യവാദികളുടേയും സ്ഥാനത്താണ് ഇസ്റായേൽ നിൽക്കുന്നത്. എന്നിട്ടും പാക്കിസ്ഥാൻ സൃഷ്ടിയുടെ കെടുതികളനുഭവിച്ച ഇന്ത്യാക്കാർ അറബികളോടനുഭാവം കാണിക്കാതെ ഇസ്റായേലിനോട് അനുഭാവമുള്ളവരാകാൻ കാരണം നമ്മുടെ വിദേശനയം കൈകാര്യം ചെയ്യുന്നവരും ഇടതുപക്ഷ കക്ഷിനേതാക്കളും 'പാൻ ഇസ്ലാമിസ' (അന്താരാജ്യ ഇസ്ലാമിക ചിന്ത) ത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടാണ്. വേണമെങ്കിൽ പശ്ചിമേഷ്യയിലെ സംഘട്ടനങ്ങളുടെ യവസരം മതത്തിന്റെയും വർഗ്ഗീയതയുടേയും അടിസ്ഥാനത്തിലുള്ള രാജ്യനിർമ്മിതിയുടെ കെടുതികൾ വിശദീകരിച്ചു കൊടുക്കുന്നതിനു ഉപയോഗപ്പെടുത്തുകയുമാവാം.

ഹസ്റത്ത് ബാലിലെ വിശുദ്ധ രോമം കാണാതാകുമ്പോഴും അൽഅക്സാ പള്ളിക്കു തീ പിടിക്കുമ്പോഴും രാജ്യം ഇളകിമറിയുകയാണ്. വിയററ്നാമിലെ ജനതയെ അമേരിക്ക കൂട്ടക്കൊല ചെയ്താലും ഇന്ത്യക്കാരായ ഐക്യരാജ്യ സൈനികരെ ഇസ്റായേൽ കൊന്നൊടുക്കിയാലും ഇവിടെ അനക്കമില്ല. പള്ളിക്കും പള്ളിയിലെ രോമത്തിനുമാണ് പള്ളിക്കൂടത്തേക്കാളും പള്ളിക്കൂടത്തിലെ കുട്ടികളുടെ ജീവനേക്കാളും വികാരമിളക്കാൻ കഴിയുന്നതെന്നത് വിചിത്രമാണ്.

മതേതരവും ശാസ്ത്രീയവുമായ ഒരു സമീപനവും പ്രചരണവും പശ്ചിമേഷ്യൻ പ്രശ്നത്തിൽ ഇന്ത്യ ഉടനടി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇന്നു ഇതിന്റെ അഭാവം കാരണം ഇസ്റായേലിന്റെ പ്രചരണം ഇന്ത്യയിൽ വിലപ്പോവുന്നുണ്ട്. ഇസ്റായേൽ ജനതയെത്തന്നെ നിർമ്മാജ്ജനം ചെയ്യാൻ അറബി നേതാക്കൾ ഒരുമ്പെ-

## എഴുതാപ്പുറം (2-ാം പേജ് തുടർച്ച)

ശൈഖ് യാസീനിന്റെ മത പ്രസംഗം തിരൂരങ്ങാടിയിലെ മുസ്ലീമുകൾ എങ്ങിനെ സ്വീകരിച്ചുവെന്നറിഞ്ഞുകൂടാ. പക്ഷെ യാഥാസ്ഥിതിക മുസ്ലീമുകളുടെ മനസ്സ് ലോകത്തെവിടെയും എങ്ങിനെ പ്രവർത്തിക്കുന്നുവെന്നു ഈ പ്രസംഗത്തിൽ നിന്നു കാണാം. മുസ്ലീമുകൾക്കു യുദ്ധരംഗത്തോ മറേറതിങ്കിലും രംഗത്തോ എന്തെങ്കിലും പരാജയം സംഭവിച്ചാൽ ഉടനെ അതിനൊരു വിശദീകരണം കേൾക്കാം. ഇസ്ലാം മത തത്വങ്ങൾ ശരിക്കു അനുസരിക്കാത്തതിനു് പരാജയ കാരണമെന്നും ഇത്തന്നെയാണ് ശൈഖിന്റെ കൂട്ടുകാർ അറേബിയയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഈജിപ്റ്റിൽ നാസ്സറിന്റേയും മററും നേതൃത്വത്തിൽ ജനങ്ങൾ പരിഷ്കൃത ജീവിതം നയിക്കുന്നത് സൌദി അറേബിയായിലെ രാജാവിനും അദ്ദേഹത്തിന്റെ പരിവാരത്തിനും ഇഷ്ടമല്ല. ആളുകൾ ജനാധിപത്യവും സോഷ്യലിസവും മററും അംഗീകരിച്ചാൽതന്റെ കിരീടവും ചെങ്കോലും നശിച്ചു പോകുമെന്നാണ് രാജാവിന്റെ ഭയം. അതുകൊണ്ട് അദ്ദേഹം ഇസ്ലാമിനു പുറത്ത് ലോകമുണ്ടെന്നു ആളുകളെ ധരിപ്പിക്കാതിരിക്കാൻ കിണാഞ്ഞു ശ്രമിക്കുന്നുണ്ട്. ഇത്തന്നെയാണ് ഫൈസൽ രാജാവും അനുചരന്മാരും പിന്തിരിപ്പന്മാരാണെന്നു പറയുന്നതിനു കാരണവും.

യതീനാ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തുകൊണ്ട് ഇസ്ലാമിനെക്കുറിച്ചു പല തെററിദ്ധാരണകളും ആളുകൾക്കുണ്ടെന്നു സൌദി അറേബിയൻ അമ്പാസ്സഡർ പറഞ്ഞു. ഇസ്ലാം മററു രാജ്യങ്ങളെ ആക്രമിക്കാൻ നിൽക്കുന്നുവെന്നു മററുള്ളവർക്കുള്ള ധാരണ ശരിയല്ലെന്നു അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ലാ ഇസ്ലാം ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നുവെന്ന ധാരണയും ശരിയല്ലെന്നാണ് സ്ഥാനപതിയാസീനിന്റെ അഭിപ്രായം. എന്തുചെയ്യാം. ആളുകൾക്കു ധാരണയുണ്ടാകുന്നതാണോ തെററ്? യാസീനിനെ സ്വീകരിച്ച് ബഹുമാനിക്കുന്ന മുസ്ലീം ലീഗിന്റെ പ്രസിഡന്റ് ബാഫക്കി തങ്ങൾക്ക് യഥാർത്ഥ ഇസ്ലാമിനെക്കുറിച്ച് അറിഞ്ഞുകൂടായെന്നാണോ യാസീൻ പറയുന്നതു്?

മുസ്ലീം ലീഗുകാർ ഇപ്പോൾ സൌദി അറേബിയൻ അമ്പാസ്സഡർക്കു മാത്രമേ സ്വീകരണം നൽകിയിട്ടുള്ളു. നാളെ പാക്കിസ്ഥാന്റെ സ്ഥാനപതിക്കുകൂടി മുസ്ലീംലീഗ്കാർ ഗംഭീര സ്വീകരണം നൽകും. ഇസ്ലാമിന്റെ പേരിൽ എല്ലാവരും ഒന്നിക്കണമെന്നു അദ്ദേഹവും ആഹ്വാനം ചെയ്യും. ഫ്രാൻസിലെ പ്രസിഡന്റായിരുന്ന ഗംഭീരൻ ജനറൽ ഡിഗോളെ കനഡയിൽ പോയി ഇതേപോലെ ഫ്രെഞ്ചുകാർ ഒന്നിക്കാൻ ആഹ്വാനം ചെയ്തതോർക്കുന്നു. ഡിഗോളിനു കാനഡാ സന്ദർശനം ഉടനെയവസാനിപ്പിച്ച് നാട്ടിലേക്കു തിരിക്കേണ്ടിവന്നു. ഇന്ത്യ ഭരിക്കുന്നതു് ഇന്ത്യാക്കാരാണോ? അതോ വിദേശികളും അവരുടെ അനുചരന്മാരും കൂടി ഇന്ത്യയുടെ ഭരണം പങ്കിട്ടെടുത്തിരിക്കുകയാണോ?

* * *

---

### കാഴ്ചപ്പാടുകൾ (തുടർച്ച)

ട്ടിരിക്കുന്നുവെന്ന ധാരണ ഈ പ്രചരണത്തിന്റെ ഫലമായി ഉണ്ടാക്കുകയും ചെയ്യുന്നു. ഇസ്ലാമിക വർഗ്ഗീയതയുടെ സൃഷ്ടിയെ പാക്കിസ്ഥാനെ മുന്നിൽ കണ്ടുകൊണ്ടാണ് ഭൂരിഭാഗം ഇന്ത്യാക്കാരും ഇസ്രായേലിനോട് അനുഭാവമുള്ളവരാകുന്നതു്. അറേബിയയിലെ ഇസ്ലാമിക വർഗ്ഗീയത ഇസ്രായേലിനെ നശിപ്പിക്കാൻ ഒരുമ്പെടുന്നതായി അവർക്കു തോന്നുന്നു.

അറബി രാഷ്ട്രങ്ങളുടെ നേതാക്കൾ തങ്ങളുടെ കരുത്ത് വർദ്ധിപ്പിക്കുന്നതിനു ലോകമെമ്പാടുമുള്ള മുസ്ലീമുകളുടെ മതവികാരങ്ങളെ പ്രയോജനപ്പെടുത്തുന്നതു് മനസ്സിലാക്കാം. അന്താരാഷ്ട്ര യഹൂദ വർഗ്ഗീയതക്കു ബദലായി ഒരായുധമായി അറബികൾ അത് പ്രയോഗിക്കുവാല നോക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇന്ത്യ അതിനു കൂട്ടുനിൽക്കരുതു്. അങ്ങിനെ നേതാക്കൾ ചെയ്താൽ അറബികൾക്കുവേണ്ടി 'പാൻ ഇസ്ലാമിസ'ത്തെ പ്രോത്സാഹിപ്പിച്ചാൽ, പാക്കിസ്ഥാനെ മുന്നിൽ കാണുന്ന ഭാരതജനത ഇസ്രായേലിനോട് കൂടുതൽ അടുക്കുകയായിരിക്കും ഫലം. അറബികൾ അന്താരാഷ്ട്ര ഇസ്ലാമിക വാദത്തിന്റെ പേരിൽ ഇസ്രായേലിനെ എതിർക്കുന്നതായി ഇന്ത്യാക്കാർ കരുതുകയും അതുകൊണ്ട് തന്നെ യഹൂദരാഷ്ട്രവാദികൾക്കു ഇവിടെ കൂടുതൽ പിന്തുണ കിട്ടുകയും ചെയ്യും.

ഇതേവക തെററായ സമീപനമാണ് നമ്മുടെ നേതാക്കൾ സ്വീകരിച്ചിരുന്നത് എന്നതിന്റെ തെളിവാണ് അൽഅക്സാ പള്ളി തീ വെച്ചതിനെ തുടർന്ന് ഇന്ത്യയിൽ കോലാഹലമുണ്ടായതും ബഹർ എൽബക്കറിലെ പള്ളിക്കൂടം തകർന്നിട്ടും മൌനമവലംബിക്കുന്നതും.

0—0

---

### കുറിപ്പുകൾ (തുടർച്ച)

സരിച്ച് അഡ്ഹോക്ക് കമ്മററി നേതാവ് കെ. കെ. വിശ്വനാഥനും നിയമസഭാകക്ഷിനേതാവ് കെ. കരുണാകരനും നടന്നുകൊള്ളുമെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. അഡ്ഹോക്ക് കമ്മററി നേതാക്കളുടേയും അവരുടെ ചങ്ങാതിമാരായ യൂത്ത് കോൺഗ്രസ് നേതാക്കളുടേയും പാപ്പരത്വം മനസ്സിലാക്കിയ കുരുമുന്നണിക്കാർ ചിരിക്കുന്നുണ്ടായിരിക്കണം.

പക്ഷെ, ഈ അഡ്ഹോക്ക് കമ്മററി നെതാക്കളാണ് നിയന്ത്രിക്കുന്നതെങ്കിലു് കേരളത്തിൽ ഇന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞാൽ പിന്നെ ഏററവും വലിയ കക്ഷി കോൺഗ്രസ്സ് തന്നെയാണല്ലോ. അവരിൽ മിക്കവരും കോൺഗ്രസ്സിനുവന്ന ഗതികേടിൽ പരിതപിക്കുന്നുണ്ടായിരിക്കും. ഗംഗാധരൻ ജയിച്ച് നിയമസഭയിൽ പോയാൽതന്നെ കോൺഗ്രസ്സിന്റെ തീരുമാനം അനുസരിക്കാൻ പററാത്ത സ്ഥിതിയാണല്ലോ. കുരുമുന്നണി മന്ത്രിസഭ തുടരുന്നിടത്തോളം കാലം പിന്തുണനൽകാമെന്നു എഴുതിക്കൊടുത്തിരിക്കയല്ലേ?

ഇനി ഗണപതിയുൾപ്പടെ അഞ്ചു കോൺഗ്രസ്സ് എം. എൽ. എ. മാർ കുരുമുന്നണിയെ എതിർത്താലും ഗംഗാധരനു അതു ചെയ്യാൻപററില്ല. അല്ലെങ്കിൽ ഗംഗാധരനു് ഗണപതി സ്വഭാവം കാണിക്കേണ്ടിവരും.

നിലമ്പൂരിലെ വോട്ടർമാരോട് ചില കാര്യങ്ങളെല്ലാം കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററി വിശദീകരിച്ചുകൊടുക്കേണ്ടിവരും. ഒന്നാമതായിത്തന്നെ വിശദീകരിക്കേണ്ടി വരുക അച്ചുതമേനോൻ മന്ത്രിസഭയോട് കോൺഗ്രസ്സ് എടുക്കുന്ന നിലപാടാണ്. എന്തുവന്നാലും ഈ മന്ത്രിസഭക്കു 1972വരെ നിരുപാധിക പിന്തുണ നൽകാനാണോ കോൺഗ്രസ്സ് അഡ്ഹോക്ക് കമ്മിററി നിശ്ചയിച്ചിരിക്കുന്നതു്. അങ്ങിനെയാണെങ്കിൽ ഇതേവരെ പറഞ്ഞിരുന്നതിനോട് യോജിക്കുന്ന നിലപാടല്ലാ ഇത്. കാരണം ഓരോ പ്രശ്നത്തേയും വിലയിരുത്തി പിന്തുണ നൽകുകയോ എതിർക്കുകയോ ചെയ്യുന്ന നയമായിരിക്കും കോൺഗ്രസ്സ് സ്വീകരിക്കുന്നതെന്നായിരുന്നു അഡ്ഹോക്ക് കമ്മിററിയുടെ നിലപാട്. പിന്നീട് അഡ്ഹോക്ക് കമ്മിററിയോ കെ. പി. സി. സി. യോ, യോഗംചേർന്നു നിരുപാധിക പിന്തുണയെന്ന നയം സ്വീകരിക്കാനോ എന്നും ഈ മന്ത്രിസഭയെ താങ്ങിനിർത്താ

Vol. 1

# NIRNAYAM

No. 11 (ERNAKULAM 12TH APRIL 1970) Price 35 Ps.

ന്നോ തീരുമാനിച്ചതായി അറിവില്ല. ഒരു പക്ഷെ, അഡ്ഹോക്ക് കമ്മിററി കൺവീനറും നിയമസഭാ കക്ഷിനേതാവും യൂത്ത കോൺഗ്രസ്സ് നേതാക്കളും കൂടി അങ്ങിനെ വല്ല രഹസ്യ തീരുമാനത്തിലുമെത്തിയിട്ടുണ്ടാകാം.

ഏതായാലും ഗംഗാരധനെ സ്വതന്ത്ര സ്ഥാനാർത്ഥിയാക്കുന്നതുകൊണ്ട് നിസ്സംശയം തെളിയുന്ന ചില സംഗതികളുണ്ട്. ഒന്നാമത് കൊട്ടാരക്കരയിൽ അച്ചുതമേനോന പിന്തുണ നൽകുംമുമ്പ് കോൺഗ്രസ്സ് നേതാക്കൾ മററു കക്ഷികളുമായി നിലമ്പൂർ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കിയിട്ടില്ല. മാടായിലെ ഉപതെരഞ്ഞെടുപ്പ് സംബന്ധിച്ചും കുറുമുന്നണിക്കാരുമായി ഇതേവരെ ധാരണയെന്നുമുണ്ടായിട്ടില്ല. വലിഞ്ഞുകയറി അച്ചുതമേനോന് നിരുപാധിക പിന്തുണ പ്രഖ്യാപിക്കുകയാണ് കോൺഗ്രസ്സ് നേതാക്കൾ ചെയ്തത്.

മറെറാരു കാര്യം കുറുമുന്നണിക്കാരുടെ ചൊല്പടിയ്ക്കല്ലാതെ സ്വന്തമായി തിരുമാനമെടുക്കുന്ന കോൺഗ്രസ്സിനസാദ്ധ്യമല്ലാത്ത നിലയാണ് നേതാക്കൾ വരുത്തിവെച്ചിരിക്കുന്നത്. നിലമ്പൂരിൽ ഗംഗാധരൻ സ്വതന്ത്രനായത് അതിന്റെ പ്രകടമായ ലക്ഷണമാണ്. ഇതിനും പുറമെ മാടായി ഉപതെരഞ്ഞെടുപ്പിൽ കുറുമുന്നണിക്കാർ കോൺഗ്രസ്സിനെ വെട്ടിൽ ചാടിക്കാനുള്ളയടവ് തയ്യാറാക്കാനുണ്ടാകുമെന്നുതീർച്ച. നിലമ്പൂരിൽ സ്വതന്ത്രന് പിന്തുണ നൽകാമെങ്കിൽ മാടായിയിലും സ്വതന്ത്രന് പിന്തുണ നൽകിക്കൂടെയെന്ന് കുറുമുന്നണിക്കാർ കോൺഗ്രസ്സിനോട് ചോദിക്കാൻ പോകുകയാണ്. അങ്ങിനെ ചോദിക്കേണ്ട സന്ദർഭം വരുമ്പോഴേയ്ക്കും സിൻഡിക്കേററുകാരും മുസ്ലീംലീഗും തമ്മിൽ ചില ധാരണകളുണ്ടാക്കിക്കഴിഞ്ഞിട്ടുമുണ്ടാകും. മാടായിയിൽ മുസ്ലീംലീഗിന്റെയോ സിൻഡിക്കേററിന്റെയോ സ്വതന്ത്ര സ്ഥാനാർത്ഥിയെ നിറുത്തി മത്സരിപ്പിച്ച് കോൺഗ്രസ്സിന്റെ പിന്തുണയാവശ്യപ്പെടാനാണ സാദ്ധ്യതയുള്ളത്. ബാഫക്കിയുടെ ഉദ്ദേശം സിൻഡിക്കേററിനേയും കോൺഗ്രസ്സിനേയും തങ്ങളുടെ ചൊൽപ്പടിക്ക് നിറുത്തണമെന്നായിരിക്കും. കുരങ്ങൻ പൂച്ചകൾക്ക് അപ്പം പങ്കുവെച്ച് കൊടുത്തത് പോലെയായിരിക്കുംബാഫക്കി കോൺഗ്രസ്സിനെ പററിക്കുന്നത്.

കുറുമുന്നണിക്കാർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ നയം പ്രഖ്യാപിക്കും മുമ്പ് കോൺഗ്രസ്സിന്റെ അഡ്ഹോക്ക് നേതാക്കൾ ഗംഗാധരൻ സ്വതന്ത്രനായിരിക്കുമെന്ന ഉറപ്പു കൊടുത്തിരിക്കണം. കാരണം കോൺഗ്രസ്സിനോട് തൊട്ടുകൂടാത്ത നയമാണല്ലോ ആർ. എസ്സ്. പി സ്വീകരിച്ചിട്ടുള്ളത്. അപ്പോൾ നിലമ്പൂരിൽ ഗംഗാധരൻ കോൺഗ്രസ്സ് സ്ഥാനാർത്ഥിയാണെന്ന വന്നാൽ ആർ. എസ്സ് പി. ക്കു പിന്തുണ നൻകാൻ പററില്ല. ആർ. എസ്സ് പി. ഐക്യകമ്മിററിയിൽ നിന്ന ഇറങ്ങിപ്പോക്ക് നടത്തേണ്ടിവരും. ഐക്യകമ്മിററിയാകെ കുഴയും, മന്ത്രിസഭയും താഴെ വീഴാറാകും. ഐക്യകമ്മിററിക്കു കുഴപ്പം വന്നാൽ മന്ത്രിസഭ വീഴുമല്ലോ എന്ന കരുതി കോൺഗ്രസ്സ് നിലമ്പൂരിൽ സ്വതന്ത്രസ്ഥാനാർത്ഥിയെ നിർത്താമെന്നും ഏററുകാണും. കുറുമുന്നണി മന്ത്രിസഭ തകരാതിരിക്കുന്നതു അഡ്ഹോക്ക് കമ്മിററി നേതാക്കളുടെ ഏററവും വലിയ ആവശ്യമായിരിക്കയാണ്. കോൺഗ്രസ്സ് തകർന്നാലും കുറുമുന്നണി തകരരുതെന്ന കരുതുന്ന ഇത്രയേറെ ത്യാഗശീലരായ നേതാക്കൾ കോൺഗ്രസ്സിലല്ലാതെ എവിടെയാണുണ്ടാവുക?

അഡ്ഹോക്ക് കമ്മിററി നേതാക്കൾക്കു പറഞ്ഞു നിൽക്കാൻ ന്യായമുണ്ടാകുകയില്ലെന്ന ആരും കരുതേണ്ട. ഗംഗാധരന്റെ ചിഹ്നം കാളച്ചിഹ്നമല്ലാത്തതുകൊണ്ടാണ് സ്വതന്ത്ര സ്ഥാനാർത്ഥിയാണെന്ന കുറുമുന്നണിക്കാർ പറയുന്നതെന്ന അവർ പറഞ്ഞുകൂടായ്കയില്ല. കാളച്ചിഹ്നം ഇപ്പോഴും തർക്കവിഷയമായതു കൊണ്ട് ആർക്കും കിട്ടുകയുമില്ലല്ലോ.

കോൺഗ്രസ് നേതാക്കൾ ഇനിയെങ്കിലും ജനങ്ങളോട് കാര്യം തുറന്ന പറയുന്നത് നന്നായിരിക്കും. കോൺഗ്രസ്കാർക്ക് നയം മനസ്സിലാക്കാനെങ്കിലും കഴിയുമല്ലോ. കുറുമുന്നണിക്കാരെ സമ്പന്ധിച്ചിടത്തോളം അവര മാർക്സിസ്റ്റ് പാർട്ടിയോട് ശത്രുതയുള്ളവരല്ലു എന്നാണ് പറയുന്നത്. 1967ൽ ഏഴ പാർട്ടികൾ ചേർന്ന നടത്തിയ പ്രഖ്യപനത്തിൽ തങ്ങൾ ഉറച്ചുനിൽക്കുന്ന എന്നും അതേ പരിപാടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന എന്നും മുഖ്യമന്ത്രിഅച്ചുതമേനോൽ പറയുന്ന. കുറുമുന്നണിയിൽപ്പെട്ട ആർ എസ്. പി. പറയുന്നത് മാർക്സിസ്റ്റുകാരെ വീണ്ടും ഐക്യമുന്നണിയിൽ ച്ചേർക്കണമെന്നും കോൺഗ്രസ്സുമായി തൊട്ടുകൂടെന്നുമാണ്. ഇതൊക്കെയായാലും യാതൊരു കർമ്മഫലവും പാർട്ടിക്കുവേണ്ടി ഇച്ഛിക്കാതെ കോൺഗ്രസ്സ് നേതാക്കൾ മാത്രം സ്വന്തം പാർട്ടിക്കാരനെ സ്ഥാനാർത്ഥിയാക്കാതെ നിയോജകമണ്ഡലങ്ങൾ തന്നെ ആർക്കുവേണ്ടിയവാം ഒഴിഞ്ഞുകൊടുക്കുന്നു. ഐക്യമുന്നണി ഹാസ്യനാടകം പൊടി പൊടിക്കുകയാണ്. യോജിച്ച പാർട്ട തന്നെ കോൺഗ്രസ്സ് നേതാക്കൾക്ക് നൽകിയിട്ടുണ്ട്. വിഡ്ഢി വേഷം കെട്ടിയ കോൺഗ്രസ്സ് നേതാക്കൾ തന്നെ ഭിനയിത്തിൽ മുമ്പന്മാർ.

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin-11